# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഹമ്മ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-ALP-P-5/848/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഹമ്മ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-5/848/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2021 മുതൽ 15-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 15-09-2021 | 23-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-09-2021 | 23-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്. എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.റോയ്.റ്റി.എം, അസി ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി, സീ.ഗ്രേ.ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ
ശ്രീ. സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| കെ. ജയലാൽ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| സ്വപ്ന ഷാബു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിനുഗോപാൽ | സെക്രട്ടറി | 01-04-2020 | 06-06-2020 |
| ലസിത.കെ.എസ് | സെക്രട്ടറി | 08-06-2020 | 15-06-2020 |
| പി.വി.വിനോദ് | സെക്രട്ടറി | 16-06-2020 | 31-03-2021 |
| സമീറ പോത്തുകാട്ടിൽ | കൃഷി ഓഫീസർ | 01-04-2020 | 30-06-2020 |
| അശ്വതി വിശ്വനാഥൻ | കൃഷി ഓഫീസർ | 01-07-2020 | 06-10-2020 |
| രാഖി അലക്സ് | കൃഷി ഓഫീസർ | 07-10-2020 | 31-03-2021 |
| ഡോ.ശ്രീദേവി.എസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | 01-04-2020 | 31-03-2021 |
| ഡോ.ജെ.ജ്യോതി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ബാലരാജ്.എസ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 13-06-2020 |
| ജീന.എൻ.കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 14-06-2020 | 31-03-2021 |
| സുരേഷ്.പി.പണിക്കർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ധന്യ.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| അപർണ്ണ.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| അഞ്ജു തിലകൻ | പ്രധാന അധ്യാപിക,ഗവ. എൽ.പി.എസ്. | 01-04-2020 | 10-05-2020 |
| വിമല.പി | പ്രധാന അധ്യാപിക,ഗവ. എൽ.പി.എസ്. | 11-05-2020 | 31-03-2021 |
| വി.വിഷ്ണു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| പ്രസീത.കെ.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 11-01-2021 |
| ഹാഷിഫ്.എച്ച് | വില്ലേജ് | 12-01-2021 | 31-03-2021 |

| | | | |
|---|---|---|---|
| | എക്സ്റ്റെൻഷൻ ഓഫീസർ | | |
| സുമ.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| സൌമ്യ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 28-10-2020 |
| സുനിത | ഡയറി ഫാം ഇൻസ്ട്രക്ടർ | 29-10-2020 | 31-03-2021 |
| സൂര്യ അരേശ്ശേരിൽ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 02-11-2020 |
| സിബി സോമൻ, | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 03-11-2020 | 31-03-2021 |
| ലസിത.കെ.എസ് | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |

11.11.20 മുതല് 29.12.20 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Elsamma (Audit Officer, On 26-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 16-09-2021)<br>Last Updated By: Lakshmikanth P (Auditor, On 27-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 24-09-2021)<br>Last Updated By: Elsamma (Audit Officer, On 24-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 1-10 |
| 11 | സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Lakshmikanth P (Auditor, On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-11 |
| 12 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല - പഞ്ചായത്ത് ഫണ്ടിന് 5950/- രൂപ നഷ്ടം<br>Written By: Siji (Auditor, On 22-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 28-09-2021) | 1-12 |
| 13 | ഡി & ഒ. ലൈസൻസ് -അപാകതകൾ സംബന്ധിച്ച്<br>Written By: Siji (Auditor, On 22-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-13 |
| 14 | ഇ-ടെന്റർ ഫീസ് തനതുഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 1-14 |
| 15 | അനുപൂരക പോഷകാഹാര പരിപാടി-GST സ്രോതസ്സിൽ നിന്നും കുറവു ചെയ്തില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 24-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-15 |
| 16 | പത്താംതരം തുല്ല്യത-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Elsamma (Audit Officer, On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-16 |
| 17 | ലാപ് ടോപ്പ് ലഭ്യമായില്ല<br>Written By: Elsamma (Audit Officer, On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-17 |

| | | |
|---|---|---|
| 18 | കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി.<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-18 |
| 19 | ഗ്രാവൽ ഫില്ല് ചെയ്ത് റോഡ് നിർമ്മിച്ച പ്രവൃത്തികളിൽ സ്ഥാപിച്ച പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-19 |
| 20 | ആവശ്യമായ അളവിൽ മെറ്റിൽ ഉപയോഗിക്കാതെ മെറ്റലിംഗ് നടത്തി<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 28-09-2021) | 1-20 |
| 21 | തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് വോയിഡ്സിനത്തിൽ7.5% കുറവു ചെയ്യാതെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചു. അധികം നൽകിയത് -72369/<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-21 |
| 22 | WBM സർഫസിന് പുറമേ കൂടുതൽ കനത്തിൽ WMM ചെയ്തത് അധികച്ചെലവിനിടയാക്കി.<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-22 |
| 23 | മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗ രേഖ ലംഘിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 1-23 |
| 24 | ഗ്രാവൽ ഫില്ല് ചെയ്ത അളവിനേക്കാൾ കൂടിയ അളവിന് തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-24 |
| 25 | ഹോണറേറിയം നൽകിയത്<br>Written By: Elsamma (Audit Officer, On 24-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 1-25 |
| 26 | പെരിങ്ങാഴിയിൽ നടപ്പാത നിർമ്മാണം - അധികം നൽകിയത് 1081/-<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-26 |
| 27 | ഓഡിറ്റ് ഇംപാക്ട് - ആദായ നികുതിയിനത്തിൽ കുറവ് വന്ന 5282 ഈടാക്കി.<br>Written By: S.Suresh (Audit Officer (HG), On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-27 |
| 28 | ചെലവഴിച്ച തുകയ്ക്കുള്ള മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും പൂർണ്ണമായും ലഭ്യമാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-28 |
| 29 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ്- വിതരണ രേഖ ലഭ്യമാക്കിയില്ല<br>Written By: Lakshmikanth P (Auditor, On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-29 |
| 30 | ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി<br>Written By: S.Suresh (Audit Officer (HG), On 24-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-30 |

| | | |
|---|---|---|
| 31 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല.<br>Written By: Siji (Auditor, On 22-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-31 |
| 32 | മരണശേഷവും വാർദ്ധക്യകാലപെൻഷൻ നൽകി<br>Written By: Elsamma (Audit Officer, On 23-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-32 |
| 33 | മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 22-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-33 |
| 34 | വയോ സൗഹൃദ ക്ലബ്ബ്-പദ്ധതി ഇനിയും ആരംഭിച്ചിട്ടില്ല<br>Written By: Sreekanth C.S (Asst. Audit Officer, On 24-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-34 |
| 35 | ആർദ്രമീ ആര്യാട് പദ്ധതിയ്ക്ക് വിഹിതം നൽകൽ -- രേഖകൾ ഹാജരാക്കേണ്ടതു സംബന്ധിച്ച് --<br>Written By: T.M Roy (Senior Grade Auditor, On 24-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 1-35 |
| 36 | തെങ്ങിന് ജൈവവളം -- യൂണിറ്റ് കോസ്റ്റിനെ അധികരിച്ച് തുക ചെലവഴിച്ചു.<br>Written By: T.M Roy (Senior Grade Auditor, On 24-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 1-36 |
| 37 | കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 17.93 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നു.<br>Written By: T.M Roy (Senior Grade Auditor, On 24-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-37 |
| 38 | കോവിഡ് അവലോകനം<br>Written By: Elsamma (Audit Officer, On 24-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 1-38 |
| | **ഭാഗം 2** | |
| 1 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല - പഞ്ചായത്ത് ഫണ്ടിന് 5950/- രൂപ നഷ്ടം<br>Written By: Siji (Auditor, On 24-09-2021)<br>Last Updated By: Elsamma (Audit Officer, On 27-09-2021) | 2-1 |
| | **ഭാഗം 3** | |
| 1 | തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് വോയിഡ്സിനത്തിൽ7.5% കുറവു ചെയ്യാതെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചു. അധികം നൽകിയത് -72369/-<br>Written By: S.Suresh (Audit Officer (HG), On 24-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 3-1 |
| 2 | ഗ്രാവൽ ഫില്ല് ചെയ്ത അളവിനേക്കാൾ കൂടിയ അളവിന് തുക അനുവദിച്ചു<br>Written By: S.Suresh (Audit Officer (HG), On 24-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 3-2 |
| 3 | ഗ്രാവൽ ഫില്ല് ചെയ്ത് റോഡ് നിർമ്മിച്ച പ്രവൃത്തികളിൽ സ്ഥാപിച്ച പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി.<br>Written By: S.Suresh (Audit Officer (HG), On 24-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 3-3 |
| 4 | കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് | 3-4 |

| | | |
|---|---|---|
| | വരുത്താതെയുള്ള അളവിന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി.<br>Written By: S.Suresh (Audit Officer (HG), On 24-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | |
| 5 | തെങ്ങിന് ജൈവവളം -- യൂണിറ്റ് കോസ്റ്റിനെ അധികരിച്ച് തുക ചെലവഴിച്ചു.<br>Written By: T.M Roy (Senior Grade Auditor, On 24-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 3-5 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Elsamma (Audit Officer, On 21-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Elsamma (Audit Officer, On 21-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: S.Suresh (Audit Officer (HG), On 27-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 21-09-2021)<br>Last Updated By: Elsamma (Audit Officer, On 21-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 22-09-2021)<br>Last Updated By: Elsamma (Audit Officer, On 28-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Elsamma (Audit Officer, On 22-09-2021)<br>Last Updated By: Siji (Auditor, On 25-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

10/03/2021.തീയതിയിലെ.1/1തീരുമാനപ്രകാരം അംഗീകരിച്ചു. .

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 182707647 | 175127700 |
| വാർഷികകണക്ക് പ്രകാരം | 78995246 | 79934176 |

09/02/2021 തീയതിയിലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെകൊടുക്കുന്നു

| വരവ് | ചെലവ് |
|---|---|
| 239833747 | 232933800 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 48989009/- രൂപയും ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 47555500/-രൂപയും ലഭിച്ചതുൾപ്പെടെ 96544509/-രൂപ RP Statement പ്രകാരമുള്ള വരവിനോടും ചെലവിനോടും കൂട്ടിയാൽ യഥാക്രമം 175539755/- ഉം176478685/- രൂപയുമാണ് വരുന്നത്. പുതുക്കിയബജറ്റ് തയ്യാറാക്കിയപ്പോൾ പോലും വാർഷിക ധനകാര്യപത്രികയും ബജറ്റും തമ്മിൽ വളരെയേറെ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/7/2021 | 5/6/2021 |

മുഹമ്മ ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) 2017-18 വർഷത്തെ പ്രോജക്ട് നം 176/2018 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയ 2,42,037 രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ഇപ്പോഴും ബാലൻസ് ഷീറ്റിൽ (B-18) മുൻകൂറായി തുടരുന്നു.

2) ജില്ലാ സഹകരണ ബാങ്കിന്റെ മുഹമ്മ ശാഖയിൽ കുട്ടനാട് പാക്കേജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ 30.09.2016ന് ശേഷം ഇടപാടുകളൊന്നും നടന്നതായി കാണുന്നില്ല. വർഷങ്ങളായി നിഷ്ക്രിയമായി തുടരുന്ന ടി അക്കൗണ്ടിലെ 31.3.2021ലെ നീക്കിയിരുപ്പ് 2,70,787 രൂപയാണ്.

3) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ Book Adjustments എന്ന ശീർഷകത്തിൽ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 15623 രൂപയും നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതിയിനത്തിൽ 7191 രൂപയും തൻവർഷത്തെ വരവായി ഉൾപ്പെടുത്തിയിട്ടുണ്ട്. Book Adjustments പ്രകാരം വരവായി ഉൾപ്പെടുത്തിയ മേൽ തുക ഏതൊക്കെ കെട്ടിടങ്ങളുടെ വസ്തു നികുതിയാണെന്നത് സംബന്ധിച്ച വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) പെർമിറ്റ് രജിസ്റ്ററിൽ വാർഷിക ഡി,സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ ആധികാരികത പരിശോധിക്കുവാൻ നിർവ്വാഹമില്ല.

5) കംഫർട്ട് സ്റ്റേഷൻ വരവിനത്തിൽ 26500 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്ററിൽ ടി ഇനത്തിൽ വരവുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

6) ഗ്രാമപഞ്ചായത്ത് 2016-17 വർഷം വാങ്ങിയ വാഹനത്തിന്റെ Accumulated Depreciation 5,50,816 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ടിയിനത്തിൽ 423112 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

7) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29665523 |

| | |
|---|---|
| വരവ് | 78995246 |
| ആകെ | 108660769 |
| ചെലവ് | 79934176 |
| നീക്കിയിരിപ്പ് | 28726593 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15604606 | 15604606 | 14413513 | 1191093 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5153897 | 5153897 | 4114471 | 1039426 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 283000 | 283000 | 240994 | 42006 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4599000 | 4599000 | 4569563 | 29437 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4442607 | 4442607 | 4442607 | 0 |
| സി. എഫ്, സി ടൈഡ് | 0 | 6140000 | 6140000 | 1862036 | 4277964 |
| സി. എഫ്. സി ബേസിക് | 0 | 6140000 | 6140000 | 6061913 | 78087 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 108910682 | 121 | 61555871 | 13 | 45 | 67% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3048 | 1576232 | 1579280 | 1566991 | 12289 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 48989009 | 48989009 | 48989009 | |
| ആകെ | 3048 | 50565241 | 50568289 | 50556000 | 12289 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 119640 | 169 |
| കർഷകതൊഴിലാളി പെൻഷൻ | 2349800 | 185 |
| വിധവാപെൻഷൻ | 11195300 | 866 |
| വാർദ്ധക്യകാലപെൻഷൻ | 27006500 | 2764 |
| വികലാംഗപെൻഷൻ | 5361100 | 406 |
| അവിവാഹിത പെൻഷൻ | 1222800 | 101 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 420000 | 14 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.09.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 13,719/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.
2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
5. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
7. ഡെപ്പോസിറ്റ് വർക്കുകൾക്കായി തൻവർഷം വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ യഥാസമയം നിർവ്വഹിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കുന്നില്ല.
8. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.
10. ഡെപ്പോസിറ്റ് വർക്കുകൾക്കായി തൻവർഷം വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ യഥാസമയം നിർവ്വഹിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കുന്നില്ല.
11. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
12. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04/08/2021 | 07/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/02/2016 | 2010-11 – 2014-15 | 01/04/2016 |

**1-11 സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി ഈടാക്കുന്നില്ല**

(എ) കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(Ii)എ(I) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ 60 ദിവസം ജോലി /തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ 2020-21 കാലയളവിൽ പഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനിയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഒരു അർദ്ധ വർഷത്തിൽ ഈടാക്കേണ്ട നികുതി 1250/- രൂപ എന്ന കണക്കിൽ പഞ്ചായത്ത് ഫണ്ടിന് വലിയ നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി കരാറുകാരിൽ നിന്നും നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണവും, ടി കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ഇക്കാലയളവിൽ പ്രവൃത്തി ചെയ്യുകയും ആയതിന് അവിടെ തൊഴിൽ നികുതി അടച്ചതായി രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20 / തീയതി 22-09-2021) നല്കിയ മറുപടിയിൽ ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും, ഈ അപാകതകൾ പരിഹരിച്ച് കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി രസീത് നമ്പർ സഹിതം ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(ബി) 2020-21ലെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽപ്പെടുന്ന 10 റേഷൻ വ്യാപാരികളിൽ നിന്നും, 8 കള്ള് ഷാപ്പുകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. 22.01.2019 ലെ സിവിൽസപ്ലൈസ് ഡയറക്ടറുടെ (സി.എസ്) എ9- 764/2019 നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽപ്പെടുന്ന റേഷൻ വ്യാപരികൾ, തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:20/തീയതി 22-09-2021) ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെടുന്ന റേഷൻ വ്യാപാരികൾക്കും, കള്ള് ഷാപ്പുകൾക്കും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-12 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല - പഞ്ചായത്ത് ഫണ്ടിന് 5950/- രൂപ നഷ്ടം**

മുഹമ്മ ഗ്രാമപഞ്ചായത്തിൽ നിന്നും ഡി & ഒ. ലൈസൻസ് യന്ത്രങ്ങൾ ഉപയോഗിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് 1996 കേരള പഞ്ചായത്ത്

രാജ് നിയമത്തിലെ 232, 233 എന്നീ വകുപ്പുകളിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 8/21-09-21) നല്കിയെങ്കിലും മറുപടി നല്കിയില്ല.

| ക്രമ നം. | അപേക്ഷാ ക്രമ നം. | അപേക്ഷകൻ | രസീത് നം. | ഉപയോഗിക്കുന്ന കുതിരശക്തി | ഈടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ്(രൂ.) |
|---|---|---|---|---|---|
| 1 | 11 | പൊടിമില്ല് | 100011/07.05.20 | 10H.P | 100 |
| 2 | 12 | അരുൾ സെൽവൻ<br>സ്റ്റീൽ അലമാര നിർമ്മാണം | 100012/07.05.20 | 10H.P | 100 |
| 3 | 21, 22 | റോബി ഫ്രാൻസിസ്<br>ചൈതന്യ ഫൈബർവേൾഡ് (2 യൂണിറ്റ്) | 100178<br>100183/ | 190 H.P<br>82 H.P | 2000<br>1000 |
| 4 | 45, 46 | ജിനേഷ് & രജിത ആർ.<br>ചന്ദ്രംവെളി | 100468 & 100469/15.06.20 | 12H.P<br>5H.P | 200<br>50 |
| 5 | 102, 103, 104 | ജോൺ പോൾ<br>ബ്രദേഴ്സ് കയർ മിൽസ് ( 3യൂണിറ്റുകൾ) | ലഭ്യമല്ല | 50H.P<br>18H.P<br>86 H.P | 500<br>200<br>1000 |
| 6 | 114 | ജയശ്രീ കെ.എം.<br>ചകിരി അലി മിൽ | 101071/22.9.20 | 10H.P | 100 |
| 7 | 150 | അബിൻ. എ.ഡി.<br>ജയശ്രീ ഇൻഡസ്ട്രീസ് | 101482/16.10.20 | 32H.P | 400 |
| 8 | 161 | എം.എസ്.ജോസഫ്<br>റ്റൂറൽ കയർ ഇൻഡസ്ട്രീസ് | 101640/11.11.20 | 13H.P | 200 |
| 9 | 261 | അരവിന്ദാക്ഷൻ<br>വി.കെ.റ്റി. കയർ ഇൻഡസ്ട്രീസ് | 104899/29.3.21 | 9.5H.P | 100 |
| | | ആകെ | | | 5950/- |

പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-13 ഡി & ഒ. ലൈസൻസ് -അപാകതകൾ സംബന്ധിച്ച്

മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ഡി & ഒ. ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ വിവിധ അപാകതകൾ കാണുകയുണ്ടായി. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം.8/21-09-21 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒട്ടുമിക്ക സ്ഥാപനങ്ങളുടെയും അപേക്ഷകൾ പൂർണ്ണമല്ല. പല സ്ഥാപനങ്ങളും സ്ഥാപനത്തിന്റെ മൂലധന നിക്ഷേപമോ വിറ്റുവരവോ രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കിയിരിക്കുന്നത് ശരിയാണോ എന്ന് വ്യക്തമല്ല.

2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുത്തൂറ്റ് ഫിൻകോർപ്പ്, ആശിർവാദ് മൈക്രോ ഫിനാൻസ്, മുത്തൂറ്റ് ഫിനാൻസ് തുടങ്ങിയ പ്രമുഖ ധനകാര്യ സ്ഥാപനങ്ങളും, ചെറുകിട പണയ/പണമിടപാട് സ്ഥാപനങ്ങളും ഡി. & ഒ. ലൈസൻസ് എടുത്തിട്ടില്ല.

3. ഡി. & ഒ. രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണവും വാർഡുതല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണവും വ്യത്യസ്തമാണ്.

4. ഡി. & ഒ. ലൈസൻസിനുള്ള അപേക്ഷകളിൽ ആവശ്യമായ രേഖകൾ സമർപ്പിക്കാത്തത് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസിനുള്ള അപേക്ഷയിലെ ക്രമ നം. | അപേക്ഷകൻ | രസീത് നം. | അപാകത |
|---|---|---|---|---|
| 1 | 26 | സുബ്ബലക്ഷ്മി.ജി.<br>ശങ്കേഴ്സ് ഹെൽത്ത് കെയർ & ഡയഗ്നോസിസ് | 100122 | ജില്ലാ മെഡിക്കൽ ഓഫീസറുടെ എൻ.ഒ.സി.യുടെ കാലാവധി 20.6.20 ൽ കഴിഞ്ഞു. |
| 2 | 44 | ബവ്കോ ഔട്ട്ലെറ്റ് | 100407 | അഗ്നിശമനസേനാ വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഇല്ല. |

| | | | | |
|---|---|---|---|---|
| 3 | 49 | കെ.പ്രകാശൻ ഡിജിറ്റൽ എക്സ്റേ ക്ലിനിക് | 100509 | ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഇല്ല. |
| 4 | 100 | ഭാസി.സി.കെ | 100898 | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് പൊടിമില്ലിനുള്ളതാണ്. ലൈസൻസ് എടുത്തിരിക്കുന്നത് പപ്പട നിർമ്മാണത്തിനാണ്. |
| 5 | 103, 104 | ജോൺ പോൾ ബ്രദേഴ്സ് കയർ മിൽസ് | -- | മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് & ബോയിലേഴ്സ് , ഫയർ & റസ്ക്യൂ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ ഇല്ല. ലൈസൻസ് ഫീ ഈടാക്കിയതിന്റെ രസീത് നം. ഡി & ഒ. ലൈസൻസ് രജിസ്റ്ററിൽ ലഭ്യമല്ല |
| 6 | 108 | മിനിപോൾ മരിയ പാക്കേജിംഗ് ഇൻഡസ്ട്രീസ് | -- | അഗ്നിശമനസേനാ വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഇല്ല. ലൈസൻസ് ഫീ ഈടാക്കിയതിന്റെ രസീത് നം. ഡി & ഒ. ലൈസൻസ് രജിസ്റ്ററിൽ ലഭ്യമല്ല |
| 7 | 109 | മിനിപോൾ പി.ജി. പോളിമേഴ്സ് & കമ്പനി | 101000 | അഗ്നിശമനസേനാ വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഇല്ല. |
| 8 | 140 | ആലപ്പി കമ്പനി ഫ്ലോർ കവറിംഗ് ഓഫ് ക്വയർ | 500038 | മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് & ബോയിലേഴ്സ് , ഫയർ & റസ്ക്യൂ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ ഇല്ല. |
| 9 | 174 | വരദരാജൻ കയർ ഗ്ലൂയിംഗ് ഫാക്ടറി | 101963 | - ടി - |
| 10 | 230 | കെ.ജെ.ജോസഫ് കയർ, റബ്ബർ ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്യൽ, കയറ്റുമതി | 103612 | ഫാക്ടറീസ് & ബോയിലേഴ്സ് , ഫയർ & റസ്ക്യൂ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ ഇല്ല. |
| 11 | 241 | ദിനേഷ് കുമാർ പൈ ഗജലക്ഷ്മി എസ്കോർട്ട് | 103998 | സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, ഫാക്ടറീസ് & ബോയിലേഴ്സ് , ഫയർ & റസ്ക്യൂ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ ഇല്ല. |
| 12 | 245 | സാന്ദ്ര മരിയ ഫ്രീസ് സർവ്വീസ് വില്ല | 500112 | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 13 | 247 | റ്റി.എ.ഷെരീഫ് തടി പ്ലയിനിംഗും കടയുന്നതിനും | 104337 | ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ലൈസൻസ് ഇല്ല. |
| 14 | 248 | എം. ഫാത്തിമ തടിമില്ല് | 104338 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി. ഇല്ല. |
| 15 | 252 | ജോർഗ് ഡ്രുഷെൽ മെ. താലി ഹോട്ടൽസ് & ഡെസ്റ്റിനേഷൻസ് പ്രൈ.ലി. | 104757 | സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഇല്ല. |
| 16 | 264 | റാണി ടോമി ഗ്ലാസ് ടെക് കമ്പോണന്റ്സ് | 500122 | ഫാക്ടറീസ് & ബോയിലേഴ്സ് , ഫയർ & റസ്ക്യൂ എന്നിവയുടെ സർട്ടിഫിക്കറ്റുകൾ ഇല്ല. |
| 17 | 265 | സാബു ജോണി ലേലീല റിസോർട്സ് | 500016 | സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഇല്ല. |

ഇത് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 232(1), 233(4) എ-സി എന്നിവയിലെ നിയമങ്ങൾക്ക് അനുസൃതമല്ല. ആവശ്യമായഎല്ലാ രേഖകളും സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രം ലൈസൻസ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

5. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

| ക്രമ നം. | സ്ഥാപനങ്ങൾ | ലൈസൻസിനുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പ്രകാശ് ഷിയറിംഗ് ഫാക്ടറി | 69 |
| 2 | എ ത്രീ ട്രേഡിംഗ് കമ്പനി | 27 |
| 3 | ചൈതന്യ ഫൈബർ വേൾഡ്<br>( രണ്ട് യൂണിറ്റുകൾ) | 100 + 99<br>(1-ാം അർദ്ധവർഷം 30 പേർ<br>2-ാം അർദ്ധവർഷം 33) |
| 4 | ശങ്കേഴ്സ് ഹെൽത്ത് കെയർ - സ്കാൻസ് & ഡയഗ്നോസിസ് | 2 |
| 5 | ഇസബെല്ല ട്രേഡിംഗ് | 2 |
| 6 | എയ്ഞ്ചലാ എക്സ്പോർട്ടിംഗ് | 4 |
| 7 | അരുൺ.ജി.ജി.<br>പാഞ്ചജന്യം<br>ദന്തൽ ക്ലിനിക് | ക്ലിനിക്കിലെ ഡോക്ടറുടെ തൊഴിൽ നികുതി |
| 8 | പുത്തനങ്ങാടി ഷിയറിംഗ് ഫാക്ടറി | 34 |
| 9 | ബ്രദേഴ്സ് കയർ മിൽസ്<br>( 3 യൂണിറ്റുകൾ) | 18 + 18 +6 |
| 10 | ആലപ്പി കമ്പനി<br>ഫ്ലോർ കവറിംഗ് ഓഫ് ക്വയർ | 60 |
| 11 | റൂറൽ കയർ ഇൻഡസ്ട്രീസ് | 6 |
| 12 | വരദരാജൻ<br>കയർ ഗ്ലയിംഗ് ഫാക്ടറി | 7 |
| 13 | ആവണി കയർ വർക്സ് | 9 |
| 14 | കെ.ജെ.ജോസഫ്,<br>കുന്നപ്പള്ളി ഗാർഡൻസ് - കയർ കയറ്റുമതി | 19 |
| 15 | സാബു ജോസഫ്<br>ലേലീല റിസോർട്ട് | 6 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാന പത്രിക പരിശോധിച്ച് അർഹരായ നികുതി ദായകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

6. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം വിവിധ വാർഡുകളിലുള്ള താഴെപ്പറയുന്ന ജ്വവലറികൾ ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | ജ്വവലറി ഉടമസ്ഥന്റെ പേര് | വാർഡ് |
|---|---|---|
| 1 | പി.കെ.രാധാകൃഷ്ണൻ, പള്ളിക്കാപ്പറമ്പിൽ | 7 |
| 2 | റ്റി.പി.രവീന്ദ്രൻ | 8 |
| 3 | പി.കെ.രാധാകൃഷ്ണൻ, പള്ളിക്കാപ്പറമ്പിൽ | 8 |
| 4 | റീത്താ ജേക്കബ്ബ്, യോഗ്യാവീട് | 8 |
| 5 | ബിജു. വി.യു., കൊണപ്രക്കാട്ടുചിറ | 8 |

7. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളിൽ താഴെപ്പറയുന്നവ ഡി & ഒ. ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ബി. ആർ.ഡി.സെക്യൂരിറ്റീസ് |
| 2 | യു.ടി.ഐ. |
| 3 | കല്ല്യാൺ ജ്വവല്ലേഴ്സ് |
| 4 | എ.വി. വൃന്ദ (A Unit Of EIT Ltd.) |
| 5 | സ്പൈസ് കോസ്റ്റ് ക്രൂയിസ് |
| 6 | ഡി.ജി.ആർ. റിസോർട്ട്സ് എസ്.പി.ഐ. പ്രൈ.ലി. |
| 7 | വൈക്കം ക്വയർ കൺസ്ട്രക്ഷൻ സൊസൈറ്റി |
| 8 | ലൈംഷെൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി |

മേൽ അപാകതകൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 232(1), 233(4) എ-സി എന്നിവയിലെ നിയമങ്ങൾക്ക് അനുസൃതമല്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക മേൽ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-14 ഇ-ടെന്റർ ഫീസ് തനതുഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

ഗ്രാമപഞ്ചായത്ത് 2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 78249 രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ ഓൺലൈനായി ക്രെഡിറ്റ് വന്ന ഈ തുക ഗ്രാമപഞ്ചയത്തിന്റ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ട്.

എന്നാൽ മുൻവർഷങ്ങളിലേതായി ഈ ഇനത്തിൽ ലഭിക്കാനുള്ള 133175/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ഇത് സംബന്ധിച്ച നലകിയ 7/20-09-21 നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

## 1-15 അനുപൂരക പോഷകാഹാര പരിപാടി-GST സ്രോതസ്സിൽ നിന്നും കുറവു ചെയ്തില്ല

2020-21 സാമ്പത്തിക വർഷത്തിൽ മുഹമ്മ ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിലേക്ക് അനുപൂരക പോഷകാഹാര വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് പൊന്നൂസ് അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിന് 957782/- രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന് ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിയമാനുസൃത ജി.എസ്.ടി ഇൻവോയ്സുകളല്ല നൽകിയിട്ടുള്ളത്. 5% ജി.എസ്.ടി കൂടി അടങ്ങുന്ന വിലയാണ് ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സി ജി എസ്സ് റ്റി ആക്റ്റ് 2017 സെക്ഷൻ 51 (1) (നോട്ടിഫിക്കേഷൻ നമ്പർ 50/2018 തീയതി. 13.09.2018) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിലെ ഡി.ഡി.ഒ.മാർ നടത്തുന്ന 2,50,000 രൂപക്കുമേലുള്ള (ജി.എസ്.ടി ഒഴികെ) എല്ലാ വാങ്ങലുകൾക്കും 2% GST സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജി എസ്സ് റ്റി കിഴിച്ച തുകയായ 947893/- രൂപയുടെ 2% ജി.എസ്.ടി ഈടാക്കിയ ശേഷമുള്ള തുകയായിരുന്നു വിതരണക്കാർക്ക് നൽകേണ്ടിയിരുന്നത്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/20.09.2021), ഇപ്രകാരം ഈടാക്കണമെന്ന വിവരം അറിയില്ലായിരുന്നുവെന്ന് ഐ സി ഡി എസ്സ് സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 പത്താംതരം തുല്യത-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജക്റ്റ് നം - 102/20-21

പ്രോജക്ടിന്റെ പേര് -പത്താം തരം തുല്യതാ പരീക്ഷ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

വികസന ഫണ്ട് - 1,00,000/-

ചെലവുതുക. 62,950/-(ബിൽ നം.5/20-21/25.3.21)

ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റ് പ്രകാരം, പത്താം തരം തുല്യതയ്ക്ക് 7 പഠിതാക്കൾക്കായി, 1850/- രൂപാ വീതം 12950/- രൂപ, ഹയർ സെക്കന്ററി തുല്യതയ്ക്ക് 20 പഠിതാക്കൾക്കായി 2500/- രൂപാ വീതം 50000/- രൂപ , ഉൾപ്പടെ ആകെ 62950/- രൂപ, രജിസ്ട്രേഷൻ ഫീസ് കോഴ്സ് ഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കളെ രജിസ്റ്റർ ചെയ്തതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പരീക്ഷയിൽ പങ്കെടുത്തവരുടെ വിവരം , സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ, സാക്ഷരതാമിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയക്ക് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറി(നം.5/19.9.21) ക്ക് സാക്ഷരതാമിഷനിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കു ഹാജരാക്കാമെന്നു മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-17 ലാപ് ടോപ്പ് ലഭ്യമായില്ല

HM , GLPS നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച ഈ പ്രോജക്ടിന്റെ അടങ്കൽ വികസനഫണ്ട് 4,79,000/- രൂപയും തനത് ഫണ്ട് 31,000/- രൂപയും ഉൾപ്പെടെ 5,10,000/-രൂപയാണ്. കെൽട്രോണിൽ നിന്നും ഒരു ലാപ്ടോപ്പിന് 27,460/- രൂപ പ്രകാരം 18 ലാപ്ടോപ്പുകൾ 4,94,280/-രൂപയ്ക്കു വാങ്ങുന്നതിനു കെൽട്രോണിനു തുക ട്രാൻസ്ഫർ ചെയ്തിരുന്നു. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ലാപ്പ്ടോപ്പ് നാളിതുവരെ ലഭ്യമായിട്ടില്ല

2.സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല

3. വിദ്യാർത്ഥികൾ ലാപ്പ്ടോപ്പ് കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

ടി രേഖകൾ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(നം.6/19.9.21) ലാപ്ടോപ്പ് ലഭ്യമായിട്ടില്ലായെന്നും കിട്ടിയാലുടൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് അറിയിക്കാമെന്ന മറുപടി നൽകിയിട്ടുണ്ട്. രേഖകൾ ലഭ്യമാകുന്നതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-18 കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി.

| | |
|---|---|
| പ്രവൃത്തി | രാജ്ഭവൻ -മുത്താരമ്മൻ റോഡ് ഗ്രാവലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| അളവു പുസ്തകം | M/26/20-21 |
| ചെലവു വിവരം | 282660/29-09-2020 രൂപ 73960/- |

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത രാജ്ഭവൻ -മുത്താരമ്മൻ റോഡ് ഗ്രാവലിംഗ് പ്രവൃത്തിക്ക് 73.32 M3 ഗ്രാവൽ സ്റ്റാക്ക് ചെയ്തിട്ടുണ്ടെങ്കിലും അളവു പുസ്തകം 26/20-21 പേജ് 5 പ്രകാരം റോഡ് നിർമ്മിച്ചതിന് ടേപ്പ് മെഷർമെന്റിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് വരുന്ന ഗ്രാവലിന്റെ അളവ് 70.96 M3 ആണ്. എന്നാൽ കൺസോളിഡേഷൻ നടത്തിയതിന് മേൽ അളവിൽ നിന്നും 10% കിഴിവ് വരുത്താതെയുള്ള അളവിനാണ് തുക അനുവദിച്ചിരിക്കുന്നത്. ഇത് അധികം നൽകാനിടയാക്കി.വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച അളവും തുകയും | 70.96 M3 @1000 = 70960 |
| 10% കുറവു ചെയ്യുമ്പോൾ വരുന്ന അളവ് | 70.96 - 7.10 = 63.86 M3 |
| അനുവദനീയമായ തുക | 63.86 M3 @1000 = 63860 |
| അധികം നൽകിയത് | 70960 – 63860 = 7100/- |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നലകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട് . തുക ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഗ്രാവൽ ഫില്ല് ചെയ്ത് റോഡ് നിർമ്മിച്ച പ്രവൃത്തികളിൽ സ്ഥാപിച്ച പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി

തൊഴിലുറപ്പു പദ്ധതിയിൽപ്പെടുത്തി ചെയ്ത ഗ്രാവൽ ഫില്ല് ചെയ്ത് റോഡ് നിർമ്മിച്ച താഴെപ്പറയുന്ന പ്രവൃത്തികളിൽ 600mm വ്യാസമുള്ള NP2 RCC പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഗ്രാവൽ സപ്ലൈ ചെയ്തതിന് കരാറുകാരന് തുക നൽകിയപ്പോൾ ഗ്രാവൽ ഫില്ല് ചെയ്ത അളവിൽ നിന്നും പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതെയാണ് @1000/$M^3$ നിരക്കിൽ തുക അനുവദിച്ചിരിക്കുന്നത്. പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ )

| | |
|---|---|
| പ്രവൃത്തി | തൈവെളി ഗ്രാവൽ റോഡ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| അളവു പുസ്തകം | M/163/20-21 |
| ചെലവു വിവരം | 3055043/31-03-21 രൂപ 166901/- |
| സ്ഥാപിച്ച 600mm പൈപ്പിന്റെ അളവ് | 10മീറ്റർ |
| കുറവു ചെയ്യേണ്ട പൈപ്പിന്റെ വ്യാപ്തം | 3.14 X 0.3x0.3 X10 = 2.826 $M^3$ |
| | |

| | |
|---|---|
| അധികം നൽകിയത് | 2.826 @1000 = 2826/- |

ബി )

| | |
|---|---|
| പ്രവൃത്തി | പാലത്തറ തോട്ടുചിറ റോഡ് ഗ്രാവലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| അളവു പുസ്തകം | M/32/20-21 |
| ചെലവു വിവരം | 305503/13-10-20 രൂപ 90872/- |
| സ്ഥാപിച്ച 600mm പൈപ്പിന്റെ അളവ് | 8മീറ്റർ |
| കുറവു ചെയ്യേണ്ട പൈപ്പിന്റെ വ്യാപ്തം | 3.14 X 0.3x0.3 X8 = 2.260 $M^3$ |
| അധികം നൽകിയത് | 2.260 @1000 = 2260/- |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് തെറ്റ് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-20 ആവശ്യമായ അളവിൽ മെറ്റിൽ ഉപയോഗിക്കാതെ മെറ്റലിംഗ് നടത്തി

| | |
|---|---|
| പ്രവൃത്തി | ജനശക്തി - മറ്റത്തിൽ റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| 63mmto 45mm സ്റ്റോൺ അഗ്രിഗേറ്റ് സ്റ്റാക്ക് ചെയ്ത അളവ് | $26.59m^3$ |
| അളവു പുസ്തകം | M/87/20-21 |
| അനുവദിച്ച തുക @2310/$M^3$ | $26.59m^3$@2310/$M^3$=61422 |
| വോയിഡ്സിനത്തിൽ 7.5% കുറയ്ക്കുമ്പോൾ യഥാർത്ഥത്തിൽ വരുന്ന അളവ് | 26.59 – 1.99 = 24.6m3 |
| ചെലവു വിവരം | 307664/12-03-21 രൂപ 105181/- |

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത മേൽ പ്രവൃത്തിയിൽ മെറ്റലിംഗ് നടത്തിയിരിക്കുന്നത് 325 $M^2$ ൽ ആണ്. 325$M^2$ വിസ്തീർണത്തിൽ മെറ്റലിംഗ് ചെയ്യുന്നതിന് ആവശ്യമായ 63mm To 45mm സ്റ്റോൺ അഗ്രിഗേറ്റിന്റെ അളവ് $30.39m^3$ (325 X 0.0935)ആണ്. $30.39m^3$ സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് ഉപയോഗിച്ചത് 24.6 $M^3$. അതായത് മേൽ പ്രവൃത്തിയിൽ $5.79m^3$, 63mm To 45mm സ്റ്റോൺ അഗ്രിഗേറ്റ് കുറച്ചാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത് ടി പ്രവൃത്തിയുടെ ഗുണമേന്മയെ ബാധിക്കാനിടയായി എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് തെറ്റ് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-21 തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് വോയിഡ്സിനത്തിൽ7.5% കുറവു ചെയ്യാതെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചു. അധികം നൽകിയത് -72369/

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദച്ചിരിക്കുന്നത് സ്റ്റാക്ക് ചെയ്ത അളവിനാണ്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 63mm To 45mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

1

| | |
|---|---|
| പ്രവൃത്തി | കമ്പിയകത്ത് -ചാണിവെളി റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 33.23 $M^3$ |
| അളവ് പുസ്തകം | M/30/20-21 |
| അനുദിച്ച തുക<br>@2310/$M^3$ | 76761 |
| അനുവദനീയമായ അളവ് തുകയും | 33.23 – 2.5 = 30.73 @ 2310 = 70986 |
| അധികം നൽകിയ തുക | 76761 – 70986 = 5774 |
| ചെലവ് വിവരം | 307562/12-10-2020 രൂപ 130760/- |

2.

| | |
|---|---|
| പ്രവൃത്തി | ആയുർവേദ ആശുപത്രി-1300 റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 56.10$m^3$ |
| അളവ് പുസ്തകം | M/28/20-21 |
| അനുദിച്ച തുക<br>@2310/$M^3$ | 56.10$m^3$@2310/$M^3$=129591 |
| അനുവദനീയമായ അളവ് തുകയും | 56.10 -4.2 = 51.9 @ 2310 = 119889 |
| അധികം നൽകിയ തുക | 129591 – 119889 = 9702 |
| ചെലവ് വിവരം | 30756652/5-10-2020<br>& 3075665/5--10-2020 രൂപ 207473/- |

`

3.

| | |
|---|---|
| പ്രവൃത്തി | മാളികവെളി - ശാസ്താങ്കൽ റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 36.465 M3 |
| അളവ് പുസ്തകം | M/71/20-21 |
| അനുദിച്ച തുക<br>@2310/$M^3$ | 36.46 $M^3$@2310/$M^3$=84223 |
| അനുവദനീയമായ അളവ് തുകയും | 36.465 -2.734 = 33.731 @ 2310 = 77919 |
| അധികം നൽകിയ തുക | 84223 – 77919 = 6304 |
| ചെലവ് വിവരം | 121120/29-09-2020 രൂപ 156581/- |

4

| | |
|---|---|
| പ്രവൃത്തി | മാളികവെളി - ശാസ്താങ്കൽ റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 56.10$m^3$ |
| അളവ് പുസ്തകം | M/27/20-21 |
| അനുദിച്ച തുക | |

| | |
|---|---|
| @2310/M3 | $56.10m^3$@2310/$M^3$=129591 |
| അനുവദനീയമായ അളവു തുകയും | 56.10 -4.2 = 51.9 @ 2310 = 119889 |
| അധികം നൽകിയ തുക | 129591 – 119889 = 9702 |
| ചെലവു വിവരം | 321125/12-11-2020 രൂപ 132336<br>& 448540/ 12-11-2020 രൂപ 87060/- |

5

| | |
|---|---|
| പ്രവൃത്തി | ചാന്നമംഗലം -നമ്പിയത്തുശ്ശേരി റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | $55.39m^3$ |
| അളവു പുസ്തകം | M/33/20-21 |
| അനുദിച്ച തുക<br>@2310/$M^3$ | $55.39m^3$@2310/$M^3$=127951 |
| അനുവദനീയമായ അളവു തുകയും | 55.39 -4.15 = 51.24 @ 2310 = 118364 |
| അധികം നൽകിയ തുക | 127951 – 118364 = 9587 |
| ചെലവു വിവരം | 306887/13-10-2020 രൂപ 156041<br>& 3068871/ 13-10-2020 രൂപ 62350/- |

6

| | |
|---|---|
| പ്രവൃത്തി | മുണ്ട് വീട് – ചേനപ്പറമ്പ് റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | $56.10m^3$ |
| അളവു പുസ്തകം | M/34/20-21 |
| അനുദിച്ച തുക<br>@2310/$M^3$ | $56.10m^3$@2310/$M^3$=129591 |
| അനുവദനീയമായ അളവു തുകയും | 56.10 -4.2 = 51.9 @ 2310 = 119889 |
| അധികം നൽകിയ തുക | 129591 – 119889 = 9702 |
| ചെലവു വിവരം | 308242/27-10-2020 രൂപ 147553/-<br>& 3082421/27-10-2020 രൂപ 63129/- |

7

| | |
|---|---|
| പ്രവൃത്തി | ജനശക്തി - മറ്റത്തിൽ റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | $26.59m^3$ |
| അളവു പുസ്തകം | M/87/20-21 |
| അനുദിച്ച തുക<br>@2310/$M^3$ | $26.59m^3$@2310/$M^3$=61422 |
| അനുവദനീയമായ അളവു തുകയും | 26.59 – 1.99 = 24.6@ 2310 = 56826 |
| അധികം നൽകിയ തുക | 61422 – 56826 = 4596 |
| ചെലവു വിവരം | 307664/12-03-21 രൂപ 105181/- |

8

| | |
|---|---|
| പ്രവൃത്തി | വിക്ടറി -കൊച്ചുവെളി റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | $56.10m^3$ |
| അളവു പുസ്തകം | M/25/20-21 |
| അനുദിച്ച തുക @2310/$M^3$ | $56.10m^3$@2310/$M^3$=129591 |
| അനുവദനീയമായ അളവു തുകയും | 56.10 -4.2 = 51.9 @ 2310 = 119889 |
| അധികം നൽകിയ തുക | 129591 – 119889 = 9702 |
| ചെലവു വിവരം | 307838/09-11-2020 രൂപ 137329/-<br>& 3078382/09-11-2020 രൂപ 76593/- |

9.

| | |
|---|---|
| പ്രവൃത്തി | ഗുരുമന്ദിരം റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | $42.08m^3$ |
| അളവു പുസ്തകം | M/57/20-21 |
| അനുദിച്ച തുക @2310/$M^3$ | $42.08m^3$@2310/$M^3$=97205 |
| അനുവദനീയമായ അളവു തുകയും | 42.08 – 3.16 = 38.92 @ 2310 = 89905 |
| അധികം നൽകിയ തുക | 97205 – 89905 = 7300 |
| ചെലവു വിവരം | 307658/09-11-2020 രൂപ 112558/-<br>& 3076582/09-11-2020 രൂപ 48100/- |

അധികം നൽകിയ തുകയുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക |
|---|---|
| 1 | 5774 |
| 2 | 9702 |
| 3 | 6304 |
| 4 | 9702 |
| 5 | 9587 |
| 6 | 9702 |
| 7 | 4596 |
| 8 | 9702 |
| 9 | 7300 |
| ആകെ | 72369 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നലകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട് . തുക ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-22 WBM സർഫസിന് പുറമേ കൂടുതൽ കനത്തിൽ WMM ചെയ്തത് അധികച്ചെലവിനിടയാക്കി.</u>

ഗ്രാമപഞ്ചായത്തിൽ തൻവർഷം ചെയ്ത താഴെപ്പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തിയിൽ WMM ചെയ്തിരിക്കുന്നത് WBM സർഫസിന് മുകളിലാണ്. 10-08-2016 ലെ LSGDചീഫ് എഞ്ചിനിയറുടെ സർക്കുലർ നം DB3/6512/2013/CE/LSGD പ്രകാരം 7.5 Cm കനത്തിൽ WBM ഫസ്റ്റ് ലെയറായുള്ളപ്പോൾ സെക്കന്റ് ലെയറായി WMM ചെയ്യുമ്പോൾ അനുവദനീയമായ കനം 7.5 Cm ആണ്. എന്നാൽ WMM ചെയ്തിരിക്കുന്നത് 10cm കനത്തിലാണ്. കൂടുതൽ കനത്തിൽ WMM ചെയ്തത് അധികച്ചെലവിനിടയാക്കി. വിശദവിവരം ചുവടെ കൊടുക്കുന്നു.

എ)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മാളികവെളി -ശാസതാങ്കൽ റോഡ് ടാറിംഗ് |
| പ്രോജക്റ്റ് നമ്പർ | 36/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | പി.കെ പ്രകാശൻ |
| അളവു പുസ്തകം | 24/19-20 |
| ചെലവു വിവരം | ബിൽ നമ്പർ 37/22-12-2020 രൂപ 600000/- |

മേൽ പ്രവൃത്തിയിൽ 330 മീറ്റർ നീളത്തിലും 2.90 മീറ്റർ വീതിയിലും WMM ചെയ്തിരിക്കുന്നത് 10cm കനത്തിലാണ്. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ടി റോഡ് 330 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും തൻവർഷം തന്നെ 7.5cm കനത്തിൽ WBM ചെയ്തിട്ടുള്ളതാണ്. അതിനാൽ 10cm കനത്തിൽ WMM ചെയ്തത് മേൽപ്രവൃത്തിയിൽ അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന അളവ് | 330x2.90x0.10 =95.70 $M^3$ |
| ഫൈനൽ ലെവൽസ് പ്രകാരം വന്ന അളവ് | 98.04 $M^3$ |
| എസ്റ്റിമേറ്റിൽ ക്ലിപ്തപ്പെടുത്തിഅനുവദിച്ച തുക | 95.70 @3228.522 = 308970/- |
| യഥാർത്ഥത്തിൽ ചെയ്യേണ്ട അളവ് | 330x2.90x0.075 =71.775 $M^3$ |
| അനുവദിക്കാവുന്ന തുക | 71.775 @3228.522= 231727/- |
| അധികം ചെലവഴിക്കേണ്ടി വന്ന തുക | (+) 12% GST 9269<br>ആകെ 86512 |

നിലവിലുണ്ടായിരുനന WBM സർഫസ് കാലപ്പഴക്കത്താലും വെള്ളക്കെട്ടിനാലും കേട് സംഭവിച്ചിട്ടുള്ളതായിരുന്നതിനാലാണ് 10cm കനത്തിൽ WMM ചെയ്തതെന്നാണ് ഇത് സംബന്ധിച്ച നലകിയ 7/20-09-21 നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ടി റോഡിന്റെ 130 മീറ്റർ നീളം 23-08-2020 ലും 200 മീറ്റർ നീളം 11-10-2020 ലും ഗ്രാവലിട്ടുയർത്തി മെറ്റലിംഗ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് 01-12-20ലാണ് WMM ചെയ്തിരിക്കുന്നത്.അതിനാൽ കാലപ്പഴക്കത്താലും വെള്ളക്കെട്ടിനാലും കേട് സംഭവിച്ചിട്ടുള്ളതായിരുന്നുവെന്ന മറുപടി അംഗീകരിക്കുന്നില്ല.

ബി)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ജനശക്തി മറ്റത്തിൽ റോഡ് ടാറിംഗ് |
| പ്രോജക്റ്റ് നമ്പർ | 44/21 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | പി.കെ പ്രകാശൻ |
| അളവു പുസ്തകം | 6/21 |
| ചെലവു വിവരം | ബിൽ നമ്പർ 44/19-01-21 രൂപ 250784/- |

മേൽ പ്രവൃത്തിയിൽ 110 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും WMM ചെയ്തിരിക്കുന്നത് 10cm കനത്തിലാണ്. 7.5cm കനത്തിൽ WBM ചെയ്തതിന് പുറമേ കൂടുതൽ കനത്തിൽ WMM ചെയ്തത് അധികച്ചെലവിനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന അളവ് | 110x3x0.10 =33 $M^3$<br>5 X 3x0.15 = 2.25<br>35.25 $M^3$ |
| ഫൈനൽ ലെവൽസ് പ്രകാരം വന്ന അളവ് | 35.756 $M^3$ |
| എസ്റ്റിമേറ്റിൽ ക്ലിപ്തപ്പെടുത്തി അനുവദിച്ച തുക | 35..25@3226.70 = 113741/- |
| യഥാർത്ഥത്തിൽ ചെയ്യേണ്ട അളവ് | 110x3x0.075 =24.75 $M^3$<br>5 X 3 X 0.15 = 2.25<br>27$m^3$ |
| അനുവദിക്കാവുന്ന തുക | 27 @3226.70= 87121/- |
| അധികം ചെലവഴിക്കേണ്ടി വന്ന തുക | 113741 - 87121 = 26620<br>(±) 12% GST 3194<br>ആകെ 29814 |

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ടി റോഡിന്റെ 110 മീറ്റർ നീളം 09-11-20 ൽ ഗ്രാവലിട്ടുയർത്തി മെറ്റലിംഗ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് 24-12-2020ലാണ് WMM ചെയ്തിരിക്കുന്നത്.അതിനാൽ WMM, 7.5cm കനത്തിൽ ചെയ്താൽ മതിയാകും. കൂടുതൽ കനത്തിൽ ചെയ്തത് അധികച്ചെലവിനിടയാക്കി.

ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗ രേഖ ലംഘിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം

ജി ഒ (എം.എസ്) നം 330/2004/തസ്വഭവ തീയതി 09-12-14 ,

സർക്കുലർ നമ്പർ12245/പി1/ തസ്വഭവ തീയതി 14-03-2005

ജി ഒ (എം.എസ്) നം 300/2010/തസ്വഭവ തീയതി 10-12-2010 തുടങ്ങിയ മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗ രേഖ പ്രകാരം, റോഡിതര മെയിന്റനൻസ് ഗ്രാന്റ് അങ്കണവാടികളുടേയും കൈമാറിക്കിട്ടിയ ഹോസ്റ്റലുകളുടേയും അറ്റകുറ്റപ്പണി നടത്തുന്നതിനാണ് മുൻഗണന നലകി വിനിയോഗിക്കേണ്ടത്. കെട്ടിടങ്ങൾക്ക് ടോയലെറ്റ്, അടുക്കള, സ്റ്റോറേജ് റൂം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾക്ക് ചെലവഴിക്കാമെങ്കിലും പുതിയ കെട്ടിട നിർമ്മാണത്തിനായി ചെലവഴിക്കാൻ പാടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം ഗ്രാമപഞ്ചായത്തിൽ രണ്ട് അങ്കണവാടികൾ നിർമ്മിച്ചിരിക്കുന്നത് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചാണ് . വിശദാംശം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അങ്കണവാടി കെട്ടിട നിർമ്മാണം പ്രോജക്ട് നമ്പർ - 126/21 |
| ചെലവ് വിവരം | ബിൽ നം 12/30-05-2020 രൂപ 207916/- |
| | ബിൽ നം 13/23-06-2020 രൂപ 292084/- |
| | ബിൽ നം 14/04-08-2020 രൂപ 53414/- |
| | ബിൽ നം 24/07-09-2020 രൂപ 397929/- |
| ആകെ | 951343/- |

2.അങ്കണവാടി കെട്ടിട നിർമ്മാണം പ്രോജക്ട് നമ്പർ -71/21

| | |
|---|---|
| പ്രവൃത്തിയുടെ പേര് | അങ്കണവാടി കെട്ടിട നിർമ്മാണം പ്രോജക്ട് നമ്പർ -71/21 |
| ചെലവ് വിവരം | ബിൽ നം 25/29-09-2020 രൂപ 587444/- |
| | ബിൽ നം 27/30-10-2020 രൂപ 411535/- |
| ആകെ | 998979/- |

ജില്ലാ ആസൂത്രണ സമിതിയുടെ് അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ ടെണ്ടർ നടപടി ക്രമം പാലിച്ച് നിർമ്മാണം പൂർത്തിയാക്കിയെന്നാണ് ഇത് സംബന്ധിച്ച നലകിയ 7/20-09-21 നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗ രേഖ പ്രകാരം ഗ്രാന്റ് വകമാറ്റി ചെലവഴിക്കാൻ പാടില്ലിന്നെരിക്കെ അപ്രകാരം ചെയ്തത് ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഗ്രാവൽ ഫില്ല് ചെയ്ത അളവിനേക്കാൾ കൂടിയ അളവിന് തുക അനുവദിച്ചു

| | |
|---|---|
| പ്രവൃത്തി | വള്ളക്കടവ് നടപ്പാത കോൺക്രീറ്റിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| അളവു പുസ്തകം | M/24/20-21 |
| ചെലവു വിവരം | 307664/12-03-21 രൂപ 105181/- |

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്ത മേൽ പ്രവൃത്തിയിൽ ഒന്നാം ഇനമായി ഗ്രാവൽ ഉപയോഗിച്ചുള്ള ഫില്ലിംഗ് ചെയ്തിരിക്കുന്നത് 20.52 M3 ആണ്. എന്നാൽ കരാറുകാരന് ഗ്രാവലിന്റെ വിലയിനത്തിൽ 25.65 M3 അളവിനാണ് തുക അനുവദിച്ചിരിക്കുന്നത്. അതിനാൽ 5.13 $M^3$ ( 25.65 – 20.52 )ന്റെ വില അധികം നൽകാനിടയായി. അധികം നൽകിയത് 5.13 $M^3$ @ 1000 = 5130 /-

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നലകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട് . തുക ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ഹോണറേറിയം നൽകിയത്

തുടർ വിദ്യാഭ്യാസകേന്ദ്രത്തിലെ സാക്ഷരതാ പ്രേരക്മാരായ ശ്രീമതി. വിനിത.പി.സി. ശ്രീമതി. മാജ.വി.ടി, ശ്രീമതി. സന്ധ്യ എന്നിവർക്ക് ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ഉൾപ്പെട്ട 12/20, 1/21 എന്നീ മാസങ്ങളിലെ ഹോണറേറിയം, വൗച്ചർ നം. 22001258/20.3.21 പ്രകാരം 43,040/- രൂപ തനതുഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനം ഇവർക്കു തുക നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക ലഭ്യമാക്കാൻ കത്തു നൽകിയെങ്കിലും നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 പെരിങ്ങാഴിയിൽ നടപ്പാത നിർമ്മാണം - അധികം നൽകിയത് 1081/-

| | |
|---|---|
| പ്രവൃത്തി | പെരിങ്ങാഴിയിൽ നടപ്പാത നിർമ്മാണം |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| അളവു പുസ്തകം | M/17/20-21 |
| ചെലവു വിവരം | 292183/13-08-2020 രൂപ 115547/-<br>2921832/13-08-2020 രൂപ 3000/- |

എ) തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത മേൽ പ്രവൃത്തിയിൽ 2-ാം ഇനമായി 1:4:8 സിമന്റ് കോൺക്രീറ്റിംഗ് 14.35$m^3$ ചെയ്തിട്ടുണ്ട്. ഇതിന് 8.63 $M^3$ 40mm മെറ്റൽ ഉപയോഗിതച്ചതായി രേഖപ്പെടുത്തി @2300 നിരക്കിൽ 19849/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി 40mm മെറ്റൽ സ്റ്റാക്ക് ചെയ്തിരിക്കുന്നത് 8.82 $M^3$ ആണ്. CPWD

സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. കുറവു ചെയ്യേണ്ടിയിരുന്ന അളവ് 0.66$m^3$ (8.82 X 7.5%). എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| സ്റ്റാക്ക് ചെയ്ത അളവ് | 8.82$m^3$ |
| അനുവദിച്ച തുക@2310/$M^3$ | 8.63$m^3$@2300/$M^3$=19849 |
| | |
| യഥാർത്ഥത്തിൽ വരുന്ന അളവ് | 8.82 – 0.66 = 8.16$m^3$ |
| അധികം നൽകിയ അളവ് | 8.63 – 8.16 = 0.47 $M^3$ |
| അധികം നൽകിയ തുക | 0.47 $M^3$ @2300 = 1081 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നലകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട് . തുക ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ഓഡിറ്റ് ഇംപാക്റ്റ് - ആദായ നികുതിയിനത്തിൽ കുറവ് വന്ന 5282 ഈടാക്കി.

ശ്രായിപ്പാലം ക്ലസ്റ്റർ സെന്റർ റോഡ് റീടാറിംഗ് എന്ന പ്രവൃത്തിക്ക് ടെണ്ടർ സമർപ്പിച്ചതും കരാർ വെച്ചിരിക്കുന്നതും S&A കൺസ്ട്രക്ഷൻസ് എന്ന പേരിലാണ്. ഫൈനൽ ബിൽ നൽകിയപ്പോൾ ആദായ നികുതിയിനത്തിൽ 1% ഈടാക്കിയിട്ടുണ്ട്. കമ്പനി , ഫേം എന്നിവയ്ക്ക് ബാധകമായിട്ടുള്ളത് 2% ആണ്. അതിനാൽ S&A കൺസ് ട്രക്ഷൻസിൽ നിന്നും ആദായ നികുതിയിനത്തിൽ 2% ഈടാക്കേണ്ടതായിരുന്നു. ആദായ നികുതിയിനത്തിൽ കുറവു വന്ന 5282/- രൂപ കരാറുകാരൻ1/23-09-21 നമ്പർ ചെലാൻ പ്രകാരം SBI ൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

## 1-28 ചെലവഴിച്ച തുകയ്ക്കുള്ള മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും പൂർണ്ണമായും ലഭ്യമാക്കിയില്ല

2020-21 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെ സൂചിപ്പിക്കുന്ന പദ്ധതികൾക്ക് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക മുൻകൂറായി നല്കിയിട്ടുണ്ട്. എന്നാൽ ഒടുക്കിയ തുകയ്ക്കുള്ള മരുന്നും മറ്റ് അനുബന്ധ സാമഗ്രികളും പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്ടിന്റെ പേര്. | മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ലഭിച്ച മരുന്നിന്റെ / ഉപകരണങ്ങളുടെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ / ഉപകരണങ്ങളുടെ വില |
|---|---|---|---|---|
| 157 /2021 | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ. | 1,02,593/- (ട്രഷറി ബിൽ നം: 03/2021 തീയതി 27.08.2020) | 49,120/- പ്രൊഫോർമ ഇൻവോയിസ് നം : പി.ആർ.എഫ് 1835 | 53,473/- |
| 112/2021 | പാലിയേറ്റീവ് കെയർ പദ്ധതി. | 3,30,000/- (ട്രഷറി ബിൽ 05/2021 തീയതി 26/02/21 ) | 35,044/- പ്രൊഫോർമ ഇൻവോയിസ് നം: പി.ആർ.എഫ് 4700, (നൽകിയ തുക -1,50,000/-) | 1,14,956/- |
| | | | 1,41,100/- പ്രൊഫോർമ ഇൻവോയിസ് നം: പി.ആർ.എഫ് 4883 (നൽകിയ തുക -1,50,000/-) | 8,900/- |
| | | | 19,252/- | 10,748/- |

| | | | | |
|---|---|---|---|---|
| | | | പ്രൊഫോർമ ഇൻവോയിസ് നം: പി.ആർ.എഫ് 4704 (നൽകിയ തുക -30,000/-) | |
| | | | ആകെ | 1,88,077/- |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 21/തീയതി 22-09-2021) മറുപടി ലഭിച്ചിട്ടില്ല. അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നതുവരെ 1,88,077/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ്- വിതരണ രേഖ ലഭ്യമാക്കിയില്ല

2020-21 സാമ്പത്തികവർഷം മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതിയുടെ അടങ്കൽ തുക 1,50,000/- (വികസനഫണ്ട്) രൂപയാണ്. ലാപ്പ്ടോപ്പുകൾ വാങ്ങുന്നതിലേക്കായി കേരള സ്റ്റേറ്റ് ഐ.റ്റി മിഷന് 1,37,300/- രൂപാ ട്രാൻസ്ഫർ ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ട്രഷറി ബിൽ നം : | പ്രോജക്ടിന്റെ പേര്, നിർവ്വഹണ ഉദ്യോഗസ്ഥൻ | ലാപ്ടോപ്പ് വാങ്ങുന്നതിന് ചെലവഴിച്ച തുക |
|---|---|---|---|
| 91/2021 | 01 / 2020-21 തീയതി 23.03.2021 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് , ഫിഷറീസ് സബ്-ഇൻസ്പെക്ടർ | 1,37,300/- |

പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1, ലാപ്പ്ടോപ്പ് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2, സ്റ്റോക്ക് രജിസ്റ്ററും, വിതരണ രേഖകളും ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 22 / തീയതി 22-09-2021) മറുപടി ലഭ്യമാക്കിയിട്ടില്ല . അടിയന്തിരമായി സ്റ്റോക്ക് രജിസ്റ്ററും, ലാപ്പ് ടോപ്പിന്റെ വിതരണ രേഖകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിതരണ രേഖകൾ ഹാജരാക്കുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച 1,37,300/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

1-30 ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി

ഗ്രാമപഞ്ചായത്തിൽ ചെയ്ത റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിൽ പ്രകാരം തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വിലയായി 250 രൂപ നിരക്കിലാണ് ഈടാക്കിയത്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. കുറഞ്ഞ നിരക്ക് ഈടാക്കിയതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഈടാക്കിയ ടാർ വീപ്പയുടെ വില | ഈടാക്കേണ്ട വില | കുറവ് | ചെലവ് വിവരം |
|---|---|---|---|---|---|
| എ | കരാറുകാരൻ - കെ.കെ ബൈജു | | | | |
| 1 | സമുന്യ മുല്ലശ്ശേരി റോഡ് ടാറിംഗ് | 8 @250 = 2000 | 8 @281 =2248 | 248 | 31/18-11-20രൂപ 302945/- |
| 2 | മിനി സ്റ്റേഡിയം -തെരുവരുക് കാട്ടുകട റോഡ് ടാറിംഗ് | 10@250 = 2500 | 10 @281 =2810 | 310 | 35/03-12-20രൂപ 197211/- |
| 3 | തട്ടുത്തുവെളി -കാട്ടുകട ഹരിജൻ | 14 @250 = 3500 | 14 @281 | 434 | 10/02-08-20 രൂപ |

| | | | | | |
|---|---|---|---|---|---|
| | റോഡ് ടാറിംഗ് | | =3934 | | 524925/- |
| 4 | തയ്യിൽക്ഷേത്രം പാൽ സൊസൈററി റോഡ് ടാറിംഗ് | 15 @250 = 3750 | 15 @281 =4215 | 465 | 2509436/26-08-20രൂപ 387500/- |
| 5 | കുറവൻ പരമ്പ് എ കെ ജി റോഡ് ടാറിംഗ് | 7 @250 = 1750 | 7 @281 =1967 | 217 | 6/08-05-20 രൂപ 143258/- |
| ബി | കരാറുകാരൻ അംബികേശൻ | | | | |
| 6 | കുറുപ്പശ്ശേരി റോഡ് ടാറിംഗ് | 7 @250 = 1750 | 7 @281 =1967 | 217 | 34/27-11-20രൂപ 414362/- |
| 7 | ജനശകതി റോഡ് ടാറിംഗ് | 10@250 = 2500 | 10 @281 =2810 | 310 | 41/08-01-21രൂപ 380839/- |
| 8 | കുറവൻപരമ്പ് - ജനശക്തി റോഡ് ടാറിംഗ് | 5 @250 = 1250 | 5 @ 281= 1405 | 155 | 11/10-08-20-രൂപ 394692/- |
| 9 | ജനശക്തി - കരയോഗംറോഡ് ടാറിംഗ് | 5 @250 = 1250 | 5 @ 281= 1405 | 155 | 12/10-08-20-രൂപ 270000/- |
| 10 | ഹരിശ്രീ -പുതുപ്പറമ്പ് റോഡ് ടാറിംഗ് | 6@250 = 1500 | 6 @ 281= 1686 | 186 | 2/17-04-20-രൂപ 314799/- |
| 11 | പുളിമൂട്ടിൽ കോളനി റോഡ് പുനരുദ്ദാരണം | 8 @250 = 2000 | 8 @281 =2248 | 248 | 30/10-11-20രൂപ 314330/- |
| 12 | ചാണിവെളി റോഡ് ടാറിംഗ് | 9 @250 = 2250 | 9@281 =2529 | 279 | 43/19-01-21രൂപ 297045/- |
| 13 | പുളിമൂട്ടിൽ ആര്യക്കര റോഡ് ടാറിംഗ് | 12 @250 = 3000 | 12@281 =3372 | 372 | 42/08-01-21രൂപ 582332/- |
| സി | കരാറുകാരൻ - സൂരജ് രാജേന്ദ്രൻ | | | | |
| 14 | വേമ്പനാട് കായൽത്തീരം റോഡ് റോഡ് ടാറിംഗ് | 15 @250 = 3750 | 15@281 =4215 | 465 | 29/19-11-20രൂപ 543988/- |
| 15 | ശ്രായിപ്പാലം - ക്ലസ്റ്റർ സെന്റർറോഡ് ടാറിംഗ് | 15 @250 = 3750 | 15@281 =4215 | 465 | 40/08-01-21രൂപ 592003/- |
| ഡി | കരാറുകാരൻ - പി.കെ പ്രകാശൻ | | | | |
| 16 | മാളികവെളി -ശാസ്താങ്കൽ റോഡ് ടാറിംഗ് | 18 @250 = 4500 | 18@281 =5058 | 558 | 37/21-12-20രൂപ 600000/- |
| 17 | ജനശക്തി - മറ്റത്തിൽ റോഡ് ടാറിംഗ് | 10@250 = 2500 | 10 @281 =2810 | 310 | 44/19-01-21രൂപ 250784/- |
| ഇ | കരാറുകാരൻ - സി. ആർ ജയൻ | | | | |
| 18 | പാലക്കൽ പുത്തൻതൈ റോഡ് ടാറിംഗ് | 12 @250 = 3000 | 12@281 =3372 | 372 | 5/18-04-20രൂപ 543871/- |
| 19 | കായിക്കര ക്ഷേത്രം -കായിക്കരച്ചിറ റോഡ് ടാറിംഗ് | 13 @250 = 3250 | 13@281 =3653 | 403 | 48/25-03-21രൂപ 99190/- |
| എഫ് | കരാറുകാരൻ- കെ .ബാലചന്ദ്രൻ | | | | |
| 20 | തോട്ടത്തുശ്ശേരി -SNVറോഡ് ടാറിംഗ് | 12 @250 = 3000 | 12@281 =3372 | 372 | 9/11-05-20രൂപ 195278/- |
| ജി | കരാറുകാരൻ -അനസ്.കെ. എം | | | | |
| 21 | കൈതക്കാട് - കരീപ്പാടം റോഡ് ടാറിംഗ് | 16 @250 = 4000 | 16@281 =4496 | 496 | 3/18-04-20രൂപ 530563/- |
| എച്ച് | കരാറുകാരൻ - ഭുവനേന്ദ്രൻ | | | | |
| 22 | കണ്ണാടിക്കവല- ഗുരുമന്ദിരം റോഡ് | 19@250 = 4750 | 19@281 | 589 | 1/17-04-20രൂപ |

| | | | | | |
|---|---|---|---|---|---|
| | ടാറിംഗ് | | =5339 | | 329832/- |
| | ആകെ | | | 7626 | |

ഇത് സംബന്ധിച്ച നലകിയ 7/20-09-21 നമ്പർ എൻക്വയറിക്ക് കുറവു വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. S0114/21 പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ട് (റോഡിതരം) മൂന്നു ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയത് പ്രകാരം നം. 04N14/20-21/6, Dt.15.9.20 ആയി ഹോമിയോ മെഡിക്കൽ ഓഫീസർ ഹോംകോ-യ്ക്ക് ഇന്റന്റ് നല്കുകയും 300000/- രൂപ 24.11.2020 ൽ ബിൽ നം. 1/2020-21 മുഖേന ട്രഷറിയിൽ നിന്നും പിൻവലിച്ച് എസ്.ബി.ഐ. NEFT വഴി 24.11.2020 ൽ തുക കൈമാറുകയും ചെയ്തിരുന്നു. 'ഹോംകോ' യുടെ 16.6.2021 ലെ LF.674 നം. ഡെലിവറി നോട്ട് പ്രകാരം 20832/- രൂപയുള്ള 28തരം മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. മരുന്നുകൾ അത്യാവശ്യമായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 27.7.20, 2.12.20, 6.5.21, 30.5.21 തീയതികളിൽ ഹോമിയോ മെഡിക്കൽ ഓഫീസർ ഇ-മെയിൽ ചെയ്തിട്ടുണ്ട്.

എന്നാൽ ബാക്കി 279168/- രൂപയുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.19) നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ 279168/- രൂപ തടസ്സപ്പെട്ടുത്തുന്നു.

## 1-32 മരണശേഷവും വാർദ്ധക്യകാലപെൻഷൻ നൽകി

സേവന സോഫ്റ്റ്‌വെയറിലെ പെൻഷൻ സസ്പെൻഷൻ ലിസ്റ്റും, 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ട് രജിസ്റ്ററും പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അവരുടെ മരണശേഷവും വാർദ്ധക്യകാലപെൻഷൻ നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|
| സുന്ദരൻ | 104420200117 | 4.10.2020 | 10/20-8/21 | 1500x6+1600x5=17000 |
| ശിവാനന്ദൻ | 104420200315 | 5.10.2020 | 10/20-4/21 | 1500x6+1600x1=10600 |
| കമലൻ.വി.വി. | 1044201774 | 29.8.2020 | 9/20-8/21 | 600x12=7200 |
| ആകെ | | | | 34800/- |

ഓഡിറ്റ് വേളയിൽ പഞ്ചായത്തിൽ നിന്ന് ഓഡിറ്റിൽ ലഭ്യമാക്കിയ മരണ റിപ്പോർട്ടും സേവന സോഫ്റ്റ്‌വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളും ഒത്തുനോക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വാർദ്ധക്യകാലപെൻഷന്റെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത് . നിലവിൽ അനർഹമായി നല്കിയതായി കണ്ടെത്തിയ 34800/- രൂപ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് അടവാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കേണ്ടതും ഇതുപോലെ മറ്റ് പെൻഷനുകളും മരണപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെങ്കിൽ അനർഹമായി നൽകിയ പെൻഷൻ തിരിച്ചിടാക്കേണ്ടതാണ്.

## 1-33 മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

മുഹമ്മ ആയൂർവേദ ആശുപത്രിക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് നം.S0191/21 (വികസനഫണ്ട് -പൊതുവിഭാഗം) പ്രകാരം 50000/- രൂപ ഔഷധിയിൽ നിന്നും മരുന്നു വാങ്ങുന്നതിന് സീനിയർ മെഡിക്കൽ ഓഫീസറുടെ 13.10.2020 ലെ C48/2020 നമ്പർ ഇൻഡന്റ് പ്രകാരം മരുന്നുകൾ ആവശ്യപ്പെട്ടിരുന്നു. ഇതിന് ട്രഷറി ബിൽ നം. 48/2020-21 പ്രകാരം 50000/- രൂപ 15.3.2021ൽ ഔഷധിക്ക് നല്കുി. ഔഷധിയുടെ 90214218/29.6.21 , 90205732/ 31.3.21 എന്നീ ഇൻവോയ്സുകൾ പ്രകാരം 48236/- രൂപയുടെ മരുന്നുകളാണ് ലഭ്യമാക്കിയത്. ബാക്കി 1764/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 18.9.21 ൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 ), ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ഈ സാമ്പത്തികവർഷം നല്കുന്ന മരുന്നുകളുടെ കൂടെ ലഭ്യമാക്കുന്നതാണെന്ന് ഔഷധി അറിയിച്ചിട്ടുണ്ട് എന്ന് മെഡിക്കൽ ഓഫീസർ മറുപടി നല്കിയിട്ടുണ്ട്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ എത്രയും വേഗം

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.1764/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-34 വയോ സൗഹൃദ ക്ലബ്ബ്-പദ്ധതി ഇനിയും ആരംഭിച്ചിട്ടില്ല**

വയോ സൗഹൃദ ക്ലബ്ബ് എന്ന പദ്ധതിക്ക വേണ്ടി ബിൽ നമ്പർ 5/20, 7/20 എന്നിവ പ്രകാരം 41894/- രൂപയ്ക്കുള്ള 273 ബുക്കുകളും രജിസ്റ്ററുകളും കൺസ്യൂമർഫെഡ് ഷോപ്പിൽ നിന്നും വാങ്ങിയിട്ടുണ്ട്. സമൂഹത്തിലെ വയോജനങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുന്ന പദ്ധതിയാണ് ഇതിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പദ്ധതി സംബന്ധമായ പ്രവർത്തനങ്ങൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് പദ്ധതി പ്രവർത്തനം തുടങ്ങാൻ വൈകുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-35 ആർദ്രമീ ആര്യാട് പദ്ധതിയ്ക്ക് വിഹിതം നൽകൽ -- രേഖകൾ ഹാജരാക്കേണ്ടതു സംബന്ധിച്ച് --**

ആര്യാട് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ആർദ്രമീ ആര്യാട് എന്ന സംയുക്ത പദ്ധതിയ്ക്കായി 2019-20 വർഷത്തേയ്ക്ക് 171/21 എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 1,98,738 രൂപയും 2020-21 വർഷത്തേയ്ക്ക് 13/21 എന്ന പുതിയ പ്രോജക്ട് പ്രകാരം 90,000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതം വിനിയോഗിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതെന്നത് സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. സംയുക്ത പദ്ധതിയ്ക്കായി തുക കൈമാറുന്നതിന് മുമ്പ് പ്രോജക്ടിന്റെ നടത്തിപ്പ് എപ്രകാരമാണെന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടതാണെങ്കിലും നാളിതുവരെ എഗ്രിമെന്റ് വെച്ചിട്ടില്ല. മേൽ പ്രോജക്ടിനായി വർഷങ്ങളായി വികസന ഫണ്ടിൽ നിന്നും വിഹിതം കൈമാറുന്നുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്ത് ഇത് എപ്രകാരമാണ് വിനിയോഗിക്കുന്നതെന്നതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് യാതൊരു ധാരണയുമില്ല. ഗ്രാമപഞ്ചായത്ത് നൽകിയ തുക ചെലവഴിച്ചുവെന്നു മാത്രമാണ് വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന പ്ലാൻ ഫണ്ട് ചെലവഴിച്ച് സംയുക്ത പദ്ധതികൾ നടപ്പാക്കുമ്പോൾ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് എഗ്രിമെന്റ് വെയ്ക്കേണ്ടതും വിശദമായ പ്രോജക്ട് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

**1-36 തെങ്ങിന് ജൈവവളം -- യൂണിറ്റ് കോസ്റ്റിനെ അധികരിച്ച് തുക ചെലവഴിച്ചു.**

തെങ്ങിന് ജൈവവളം (പ്രോ.നം 151/21) എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ടെണ്ടർ നടപടി കൂടാതെ കായിപ്പുറം സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും 3000 Kg വേപ്പിൻ പിണ്ണാക്ക് കിലോഗ്രാമിന് 37 രൂപ നിരക്കിൽ വാങ്ങുന്നതിനായി 1,10,000 (വികസന ഫണ്ട് – 78750 രൂപ (ബിൽ നം 02/11.4.2020), ഗുണഭോക്തൃ വിഹിതം - 32,250രൂപ) ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തേയ്ക്കുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം വേപ്പിൻ പിണ്ണാക്ക് കിലോഗ്രാമിന് പരമാവധി ചെലവഴിക്കാവുന്നത് 35 രൂപയാണ്. ജില്ലാതല യൂണീറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കിൽ വേപ്പിൻ പിണ്ണാക്കിന് തുക ചെലവഴിച്ചതുവഴി 6000 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (25/23.9.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച 6000 രൂപയുടെ 75% ആയ 4500 രൂപ വികസന ഫണ്ടിൽ നിന്നുള്ള അധികച്ചെലവാണ്. ടി തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ കായിപ്പുറം സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും 3000 Kg വേപ്പിൻ പിണ്ണാക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടെണ്ടർ സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയതിനാലും വേപ്പിൻ പിണ്ണാക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തിനാലും നിരാകരിച്ച തുക കിഴിച്ചുള്ള (78750-4500) 74,250 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-37 കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 17.93 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നു.**

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ പുതിയ വൈദ്യുതി ലൈൻ വലിക്കുന്നതിനായി തൻവർഷം രണ്ട് പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 17,93,005 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇപ്പോഴും പൂർത്തീകരിക്കാതെ കിടക്കുന്നു.

പ്രോ.നം 144/21 എന്ന സ്പിൽ ഓവർ പ്രോജക്റ്റ് പ്രകാരം 6,19,100 രൂപയും ( വൗച്ചർ നം 22001125/07-05-20 , വൗച്ചർ നം 22001126/11-05-20) 30/21 നമ്പർ പ്രോജക്റ്റ് പ്രകാരം 11,74,005 രൂപയുമാണ് (വൗച്ചർ നം 22001182/26-02-21, വൗച്ചർ നം 22001183/26-02-21 ,വൗച്ചർ നം 22001191/15-03-21)തൻവർഷം കേരള ഇലക്ട്രിസിറ്റി ബോർഡിന് നൽകിയിട്ടുള്ളത്. കല്യാശ്ശേരി -- ജനശക്തി റോഡ് (വാർഡ് 5), ചിത്രു ജ്വല്ലറി -- പട്ടാച്ചിറ റോഡ് (വാർഡ് 8), ആര്യാക്കര – പുളിക്കൽ റോഡ് (വാർഡ് 13), കണ്ടനാട് -- തയ്യിൽ റോഡ് (വാർഡ് 16) എന്നിവിടങ്ങളിലെ വൈദ്യുതി ലൈൻ വ്യാപന പ്രവർത്തനങ്ങൾക്കായാണ് പ്രോജക്റ്റ്.നം 144/21 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. അതുപോലെ ജനശക്തി -- വെറിങ്ങാട്ടുചുവട് റോഡ് (വാർഡ് 5), ആര്യാക്കര – ലക്ഷംവീട് റോഡ് (വാർഡ് 7), ആര്യാക്കര – റിസോർട്ട് റോഡ് (വാർഡ് 7), സി.എം.എസ് -- ഏഴുകുളം റോഡ് (റോഡ് 8), രാഗം -- എൽ.പി സ്കൂൾ റോഡ് (വാർഡ് 11), കുപ്പിക്കാട്ട് -- പുളിക്കൽച്ചിറ റോഡ് (വാർഡ് 2) എന്നിവിടങ്ങളിലെ വൈദ്യുതി ലൈൻ വ്യാപന പ്രവർത്തനങ്ങൾക്കായാണ് പ്രോജക്റ്റ് നം 30/21 പ്രകാരം തുക നിക്ഷേപിച്ചിരിക്കുന്നത്. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തൻവർഷം ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 17,93,005 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻവർഷങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരിക്കാത്ത അവശേഷിക്കുന്ന പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്

## 1-38 കോവിഡ് അവലോകനം

2019-2020 സാമ്പത്തികവർഷം മുഹമ്മ ഗ്രാമപഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും, കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർമാർ എന്നിവരടങ്ങുന്ന നിരീക്ഷണസമിതി എല്ലാ ആഴ്ചയും യോഗം ചേർന്ന് വാർഡ് തലസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു. എല്ലാ മാസങ്ങളിലും കൃത്യമായി ആരോഗ്യ-ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റികൾ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കോർ കമ്മറ്റി കൂടി വിലയിരുത്തുന്നുണ്ട്. വാർഡ് തല ജാഗ്രതാസമിതികൾ, ക്ലസ്റ്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ വാർഡുകളിലും സ്കൂൾടീച്ചേഴ്സ്, അംഗനവാടി വർക്കേഴ്സ് എന്നിവരെ നിയോഗിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കീഴിൽ കോണ്ടാക്ട് ട്രേസിംഗ്, കോവിഡ് കാൾ സെന്റർ തുടങ്ങിയവ സുഗമമായി നടന്നുവരുന്നു. സ്റ്റേഷൻ ഹൗസ് ഓഫീസർ, സെകൂൽ മജിസ്ട്രേറ്റ് എന്നിവർക്ക് ആവശ്യമായ സഹായം നൽകുകയും പഞ്ചായത്തിൽ നടന്നു വരുന്ന പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തൽ മീറ്റിംഗുകൾ എന്നിവയിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നുണ്ട്. ബോധവൽക്കരണത്തിനായി കൃത്യമായ ഇടവേളകളിൽ അനൗൺസ്മെന്റ് നടത്തി വരുന്നു.

പഞ്ചായത്തിൽ കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി CFLTC, DCC, സാമൂഹ്യഅടുക്കള എന്നിവയുടെ പ്രവർത്തന വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | CFLTC, DCC, സാമൂഹ്യഅടുക്കള എന്നിവ പ്രവർത്തിച്ചിരുന്ന സ്ഥലം, കാലയളവ് | ചെലവഴിച്ച തുക | ഫണ്ടിനം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2020-21 | CFLTC | 233324 | SDRF | ഇപ്പോൾ പ്രവർത്തിക്കുന്നില്ല |
| 2020-21 | DCC<br>LEMON TREE RESORT<br>09/05/2020 To 02/06/2020 | 239100 | SDRF | ഇപ്പോൾ പ്രവർത്തിക്കുന്നില്ല |
| 2020-21 | COMMUNITY KITCHEN<br>27/03/2020- 17/05/2020 | 108685 | തനത്ഫണ്ട് | ഇപ്പോൾ പ്രവർത്തിക്കുന്നില്ല |

പ്രസ്തുത കാലയളവിൽ നിർധനരുംരോഗബാധിതരുമായ വ്യക്തികൾ, അഗതികൾ മുതലായവർക്ക് ഭക്ഷണം വീടുകളിൽ എത്തിച്ച് നൽകിയിരുന്നു ഈ കാലയളവിൽ സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെ സേവനം സന്നദ്ധ പ്രവർത്തനമായും, രോഗപ്രതിരോധസാമഗ്രികൾ, സാമൂഹ്യഅടുക്കളയിലേക്ക് വിവിധതരം പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ എന്നിവ സംഭാവനയായും ലഭിച്ചിരുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രോജക്റ്റ് നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിശദവിവരംചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിയുടെ പേര് | ചെലവഴിച്ച | ഫണ്ടിനം | നടത്തിയിരുന്ന പ്രവർത്തനത്തിന്റെ |
|---|---|---|---|---|

| | | തുക | | സംക്ഷിപ്തം |
|---|---|---|---|---|
| 2020-21 | കോവിഡ് 19 പ്രതിരോധം ഹോമിയോ മരുന്ന് വാങ്ങൽ | 50000 | പ്ലാൻ ഫണ്ട് | കോവിഡ്19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി മുഹമ്മ പഞ്ചായത്തിലെ എല്ലാ വീടുകളിലും ഹോമിയോ മരുന്ന് വാങ്ങി നല്കി |
| 2020-21 | കോവിഡ് 19 പ്രതിരോധം ആയുർവേദ മരുന്ന് വാങ്ങൽ | 50000 | പ്ലാൻ ഫണ്ട് | കോവിഡ്19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി മുഹമ്മ പഞ്ചായത്തിലെ എല്ലാ വീടുകളിലും ആയുർവേദ മരുന്ന് വാങ്ങി നല്കി |
| 2020-21 | കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ,പരിരക്ഷ | 674993 | പ്ലാൻ ഫണ്ട് | കോവിഡ്19 പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി മുഹമ്മ പഞ്ചായത്തിലെ എല്ലാ വീടുകളിലും മാസ്ക്, സാനിറ്റൈസർ വാങ്ങി നല്കി |
| | ആകെ | 774993 | | |

ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കുകയും ചെയർമൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫീസറും, സെക്രട്ടറി, ആരോഗ്യക്ഷേമ സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൻ എന്നിവർ മെമ്പർമാരാണ്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക ഉപയോഗപ്പെടുത്തി സാമൂഹിക അടുക്കളയിലേക്ക് സാധന സാമഗ്രികൾ വാങ്ങിക്കുകയും ചെയ്തു പോരുന്നു. സാമൂഹ്യ അടുക്കള 27.3.20 മുതൽ 17.5.20 വരെയുള്ള കാലയളവിൽ പ്രവർത്തനസജ്ജമായിരുന്നു. ഇതിനെല്ലാം കൃത്യമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്.

2019-2020 ,20-21സാമ്പത്തികവർഷങ്ങളിൽ പഞ്ചായത്ത് പ്രദേശത്ത് ഫസ്റ്റ് ലൈൻ ട്രീറ്റ് മെന്റ് സെന്റർ ( FLTC) കൾ പ്രവർത്തിച്ചിരുന്നില്ല.

സംഭാവന ഇനത്തിൽ ലഭിക്കുന്ന തുകകൾ ജില്ലാ സഹകരണ ബാങ്ക്, മുഹമ്മ ശാഖയിൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് തുടങ്ങി അതിൽ സൂക്ഷിക്കുന്നുണ്ട് .ടി അക്കൗണ്ടിൽ നാളിതുവരെ 161400/- രൂപ സംഭാവനയിനത്തിൽ ലഭിച്ചിട്ടുണ്ട്

കോവിഡ് വ്യാപനം രൂക്ഷമായ 2020-2021 സാമ്പത്തികവർഷമാണ് കോവിഡ് നിർവ്യാപനപ്രവർത്തനങ്ങളിൽ പഞ്ചായത്ത് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയത്.

കോവിഡ് 19 മായി ബന്ധപ്പെട്ട് 2019-20, 2020-21 എന്നീ വർഷങ്ങളിൽ പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും 594066/- രൂപ ചെലവായിട്ടുണ്ട്.

കോവിഡ് രോഗപ്രതിരോധപ്രവർത്തനങ്ങളിൽ അടിയന്തിരമായും, ഒഴിവാക്കാനാവത്തതുമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിവേചനാധികാരം ഉണ്ടെങ്കിലും, ചെലവുകൾ പരിധിവിട്ട് പോകാതിരിക്കാനുള്ള ജാഗ്രതപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

### 2-1 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കുന്നില്ല - പഞ്ചായത്ത് ഫണ്ടിന് 5950/- രൂപ നഷ്ടം

മുഹമ്മ ഗ്രാമപഞ്ചായത്തിൽ നിന്നും ഡി & ഒ. ലൈസൻസ് യന്ത്രങ്ങൾ ഉപയോഗിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് 1996 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233 എന്നീ വകുപ്പുകളിലെ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 8/21-09-21) നല്കിയെങ്കിലും മറുപടി നല്കിയില്ല.

| ക്രമ നം. | അപേക്ഷാ ക്രമ നം. | അപേക്ഷകൻ | രസീത് നം. | ഉപയോഗിക്കുന്ന കുതിരശക്തി | ഈടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ്(രൂ.) |
|---|---|---|---|---|---|
| 1 | 11 | പൊടിമില്ല് | 100011/7.5.20 | 10H.P | 100 |
| 2 | 12 | അരുൾ സെൽവൻ സ്റ്റീൽ അലമാര നിർമ്മാണം | 100012/7.5.20 | 10H.P | 100 |
| 3 | 21, 22 | റോബി ഫ്രാൻസിസ് ചൈതന്യ ഫൈബർവേൾഡ് (2 യൂണിറ്റ്) | 100178<br>100183<br>(തീയതി ലഭ്യമല്ല) | 190 H.P<br>82 H.P | 2000<br>1000 |
| 4 | 45, 46 | ജിനേഷ് & രജിത ആർ. ചന്ദ്രംവെളി | 100468 &<br>100469/15.6.20 | 12H.P<br>5H.P | 200<br>50 |

| | | | | | |
|---|---|---|---|---|---|
| 5 | 102, 103, 104 | ജോൺ പോൾ ബ്രദേഴ്സ് കയർ മിൽസ് ( 3യൂണിറ്റുകൾ) | ലഭ്യമല്ല | 50H.P<br>18H.P<br>86 H.P | 500<br>200<br>1000 |
| 6 | 114 | ജയശ്രീ കെ.എം. ചകിരി അലി മിൽ | 101071/22.9.20 | 10H.P | 100 |
| 7 | 150 | അബിൻ. എ.ഡി. ജയശ്രീ ഇൻഡസ്ട്രീസ് | 101482/23.10.20 | 32H.P | 400 |
| 8 | 161 | എം.എസ്.ജോസഫ് റൂറൽ കയർ ഇൻഡസ്ട്രീസ് | 101640/11.11.20 | 13H.P | 200 |
| 9 | 261 | അരവിന്ദാക്ഷൻ വി.കെ.റ്റി. കയർ ഇൻഡസ്ട്രീസ് | 104899/29.3.21 | 9.5H.P | 100 |
| | | ആകെ | | | 5950 |

പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -3

### 3-1 തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് വോയിഡ്സിനത്തിൽ7.5% കുറവ് ചെയ്യാതെ സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിച്ചു. അധികം നൽകിയത് -72369/-

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദച്ചിരിക്കുന്നത് സ്റ്റാക്ക് ചെയ്ത അളവിനാണ്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 63mm To 45mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ 7.5% കുറവ് ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

1

| | |
|---|---|
| പ്രവൃത്തി | കമ്പിയകത്ത് -ചാണിവെളി റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 33.23 $M^3$ |
| അളവു പുസ്തകം | M/30/20-21 |
| അനുദിച്ച തുക @2310/$M^3$ | 76761 |
| അനുവദനീയമായ അളവു തുകയും | 33.23 – 2.5 = 30.73 @ 2310 = 70986 |
| അധികം നൽകിയ തുക | 76761 – 70986 = 5774 |
| ചെലവു വിവരം | 307562/12-10-2020 രൂപ 130760/- |

2.

| | |
|---|---|
| പ്രവൃത്തി | ആയുർവേദ ആശുപത്രി-1300 റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 56.10$m^3$ |
| അളവു പുസ്തകം | M/28/20-21 |
| അനുദിച്ച തുക @2310/$M^3$ | 56.10$m^3$@2310/$M^3$=129591 |
| അനുവദനീയമായ അളവു തുകയും | 56.10 -4.2 = 51.9 @ 2310 = 119889 |
| അധികം നൽകിയ തുക | 129591 – 119889 = 9702 |
| ചെലവു വിവരം | 30756652/5-10-2020<br>&3075665/5--10-2020 രൂപ 207473/- |

`

3.

| | |
|---|---|
| പ്രവൃത്തി | മാളികവെളി - ശാസ്താങ്കൽ റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 36.465 M3 |
| അളവു പുസ്തകം | M/71/20-21 |
| അനുദിച്ച തുക @2310/$M^3$ | 36.46 $M^3$@2310/$M^3$=84223 |
| അനുവദനീയമായ അളവു തുകയും | 36.465 -2.734 = 33.731 @ 2310 = 77919 |
| അധികം നൽകിയ തുക | 84223 – 77919 = 6304 |
| ചെലവു വിവരം | 121120/29-09-2020 രൂപ 156581/- |

4

| | |
|---|---|
| പ്രവൃത്തി | മാളികവെളി - ശാസ്താങ്കൽ റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 56.10$m^3$ |
| അളവു പുസ്തകം | M/27/20-21 |
| അനുദിച്ച തുക @2310/$M^3$ | 56.10$m^3$@2310/$M^3$=129591 |
| അനുവദനീയമായ അളവു തുകയും | 56.10 -4.2 = 51.9 @ 2310 = 119889 |
| അധികം നൽകിയ തുക | 129591 – 119889 = 9702 |
| ചെലവു വിവരം | 321125/12-11-2020 രൂപ 132336<br>&448540/ 12-11-2020 രൂപ 87060/- |

5

| | |
|---|---|
| പ്രവൃത്തി | ചാന്ന മംഗലം -നമ്പിയത്തുശ്ശേരി റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 55.39$m^3$ |
| അളവു പുസ്തകം | M/33/20-21 |
| അനുദിച്ച തുക @2310/$M^3$ | 55.39$m^3$@2310/$M^3$=127951 |
| അനുവദനീയമായ അളവു തുകയും | 55.39 -4.15 = 51.24 @ 2310 = 118364 |
| അധികം നൽകിയ തുക | 127951 – 118364 = 9587 |
| ചെലവു വിവരം | 306887/13-10-2020 രൂപ 156041<br>&3068871/ 13-10-2020 രൂപ 62350/- |

6

| | |
|---|---|
| പ്രവൃത്തി | മുണ്ട് വീട് – ചേനപ്പറമ്പ് റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |

| | |
|---|---|
| സ്റ്റാക്ക് ചെയ്ത അളവ് | 56.10m3 |
| അളവു പുസ്തകം | M/34/20-21 |
| അനുദിച്ച തുക @2310/$M^3$ | 56.10$m^3$@2310/$M^3$=129591 |
| അനുവദനീയമായ അളവു തുകയും | 56.10 -4.2 = 51.9 @ 2310 = 119889 |
| അധികം നൽകിയ തുക | 129591 – 119889 = 9702 |
| ചെലവു വിവരം | 308242/27-10-2020 രൂപ 147553/-<br>&3082421/27-10-2020 രൂപ 63129/- |

7

| | |
|---|---|
| പ്രവൃത്തി | ജനശക്തി - മറ്റത്തിൽ റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 26.59$m^3$ |
| അളവു പുസ്തകം | M/87/20-21 |
| അനുദിച്ച തുക @2310/$M^3$ | 26.59$m^3$@2310/$M^3$=61422 |
| അനുവദനീയമായ അളവു തുകയും | 26.59 – 1.99 = 24.6@ 2310 = 56826 |
| അധികം നൽകിയ തുക | 61422 – 56826 = 4596 |
| ചെലവു വിവരം | 307664/12-03-21 രൂപ 105181/- |

8

| | |
|---|---|
| പ്രവൃത്തി | വികുറി -കൊച്ചുവെളി റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 56.10$m^3$ |
| അളവു പുസ്തകം | M/25/20-21 |
| അനുദിച്ച തുക @2310/$M^3$ | 56.10$m^3$@2310/$M^3$=129591 |
| അനുവദനീയമായ അളവു തുകയും | 56.10 -4.2 = 51.9 @ 2310 = 119889 |
| അധികം നൽകിയ തുക | 129591 – 119889 = 9702 |
| ചെലവു വിവരം | 307838/09-11-2020 രൂപ 137329/-<br>&3078382/09-11-2020 രൂപ 76593/- |

9.

| | |
|---|---|
| പ്രവൃത്തി | ഗുരുമന്ദിരം റോഡ് മെറ്റലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| സ്റ്റാക്ക് ചെയ്ത അളവ് | 42.08$m^3$ |
| അളവു പുസ്തകം | M/57/20-21 |
| അനുദിച്ച തുക @2310/$M^3$ | 42.08$m^3$@2310/$M^3$=97205 |
| അനുവദനീയമായ അളവു തുകയും | 42.08 – 3.16 = 38.92 @ 2310 = 89905 |
| അധികം നൽകിയ തുക | 97205 – 89905 = 7300 |
| ചെലവു വിവരം | 307658/09-11-2020 രൂപ 112558/-<br>&3076582/09-11-2020 രൂപ 48100/- |

അധികം നൽകിയ തുകയുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തുക |
|---|---|
| 1 | 5774 |
| 2 | 9702 |
| 3 | 6304 |
| 4 | 9702 |
| 5 | 9587 |
| 6 | 9702 |
| 7 | 4596 |
| 8 | 9702 |
| 9 | 7300 |
| ആകെ | 72369 |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നലകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട് . തുക ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 ഗ്രാവൽ ഫില്ല് ചെയ്ത അളവിനേക്കാൾ കൂടിയ അളവിന് തുക അനുവദിച്ചു

| | |
|---|---|
| പ്രവൃത്തി | വള്ളക്കടവ് നടപ്പാത കോൺക്രീറ്റിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| അളവു പുസ്തകം | M/24/20-21 |
| ചെലവു വിവരം | 307664/12-03-21 രൂപ 105181/- |

തൊഴിലുറപ്പ പദ്ധതിയിൽ ചെയ്ത മേൽ പ്രവൃത്തിയിൽ ഒന്നാം ഇനമായി ഗ്രാവൽ ഉപയോഗിച്ചുള്ള ഫില്ലിംഗ് ചെയ്തിരിക്കുന്നത് 20.52 $M^3$ ആണ്. എന്നാൽ കരാറുകാരന് ഗ്രാവലിന്റെ വിലയിനത്തിൽ 25.65 $M^3$ അളവിനാണ് തുക അനുവദിച്ചിരിക്കുന്നത്. അതിനാൽ 5.13 $M^3$ ( 25.65 – 20.52 )ന്റെ വില അധികം നൽകാനിടയായി. അധികം നൽകിയത് 5.13 $M^3$ @ 1000 = 5130 /-

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നലകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട് . തുക ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ഗ്രാവൽ ഫില്ല് ചെയ്ത് റോഡ് നിർമ്മിച്ച പ്രവൃത്തികളിൽ സ്ഥാപിച്ച പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി.

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത ഗ്രാവൽ ഫില്ല് ചെയ്ത് റോഡ് നിർമ്മിച്ച താഴെപ്പറയുന്ന പ്രവൃത്തികളിൽ 600mm വ്യാസമുള്ള NP2 RCC പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഗ്രാവൽ സപ്ലൈ ചെയ്തതിന് കരാറുകാരന് തുക നൽകിയപ്പോൾ ഗ്രാവൽ ഫില്ല് ചെയ്ത അളവിൽ നിന്നും പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതെയാണ് @1000/$M^3$ നിരക്കിൽ തുക അനുവദിച്ചിരിക്കുന്നത്. പൈപ്പിന്റെ വ്യാപ്തം കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

എ )

| | |
|---|---|
| പ്രവൃത്തി | തൈവെളി ഗ്രാവൽ റോഡ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| അളവു പുസ്തകം | M/163/20-21 |
| ചെലവു വിവരം | 3055043/31-03-21 രൂപ 166901/- |
| സ്ഥാപിച്ച 600mm പൈപ്പിന്റെ അളവ് | 10മീറ്റർ |
| കുറവു ചെയ്യേണ്ട പൈപ്പിന്റെ വ്യാപ്തം | 3.14 X 0.3x0.3 X10 = 2.826 M3 |
| അധികം നൽകിയത് | 2.826 @1000 = 2826/- |

ബി )

| | |
|---|---|
| പ്രവൃത്തി | പാലത്തറ തോട്ടുചിറ റോഡ് ഗ്രാവലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| അളവു പുസ്തകം | M/32/20-21 |
| ചെലവു വിവരം | 305503/13-10-20 രൂപ 90872/- |
| സ്ഥാപിച്ച 600mm പൈപ്പിന്റെ അളവ് | 8മീറ്റർ |
| കുറവു ചെയ്യേണ്ട പൈപ്പിന്റെ വ്യാപ്തം | 3.14 X 0.3x0.3 X8 = 2.260 M3 |
| അധികം നൽകിയത് | 2.260 @1000 = 2260/- |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് ഇനിയുള്ള പ്രവൃത്തികളിൽ തെറ്റ് ആവർത്തിക്കില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-4 കൺസോളിഡേഷൻ നടത്തിയതിന് 10% കിഴിവ് വരുത്താതെയുള്ള അളവിന് തുക അനുവദിച്ചത് അധികം നൽകാനിടയാക്കി.

| | |
|---|---|
| പ്രവൃത്തി | രാജ്ഭവൻ -മുത്താരമ്മൻ റോഡ് ഗ്രാവലിംഗ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | അംബികേശൻ |
| അളവു പുസ്തകം | M/26/20-21 |
| ചെലവു വിവരം | 282660/29-09-2020 രൂപ 73960/- |

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത രാജ്ഭവൻ -മുത്താരമ്മൻ റോഡ് ഗ്രാവലിംഗ് പ്രവൃത്തിക്ക് 73.32$m^3$ ഗ്രാവൽ സ്റ്റാക്ക് ചെയ്തിട്ടുണ്ടെങ്കിലും അളവു പുസ്തകം 26/20-21 പേജ് 5 പ്രകാരം റോഡ് നിർമ്മിച്ചതിന് ടേപ്പ് മെഷർമെന്റിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് വരുന്ന ഗ്രാവലിന്റെ അളവ് 70.96$m^3$ ആണ്. എന്നാൽ കൺസോളിഡേഷൻ നടത്തിയതിന് മേൽ അളവിൽ നിന്നും 10% കിഴിവ് വരുത്താതെയുള്ള അളവിനാണ് തുക അനുവദിച്ചിരിക്കുന്നത്. ഇത് അധികം നൽകാനിടയാക്കി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ച അളവും തുകയും | 70.96 $M^3$ @1000 = 70960 |
| 10% കുറവു ചെയ്യുമ്പോൾ വരുന്ന അളവ് | 70.96 - 7.10 = 63.86 $M^3$ |
| അനുവദനീയമായ തുക | 63.86 $M^3$ @1000 = 63860 |
| അധികം നൽകിയത് | 70960 – 63860 = 7100/- |

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നലകിയ ഓഡിറ്റ് എൻക്വയറി നം 17/22-09-21 ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട് . തുക ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-5 തെങ്ങിന് ജൈവവളം -- യൂണിറ്റ് കോസ്റ്റിനെ അധികരിച്ച് തുക ചെലവഴിച്ചു.

തെങ്ങിന് ജൈവവളം (പ്രോ.നം 151/21) എന്ന സ്പിൽ ഓവർ പ്രോജക്ട് പ്രകാരം ടെണ്ടർ നടപടി കൂടാതെ കായിപ്പുറം സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും 3000 Kg വേപ്പിൻ പിണ്ണാക്ക് കിലോഗ്രാമിന് 37 രൂപ നിരക്കിൽ വാങ്ങുന്നതിനായി 1,10,000 (വികസന ഫണ്ട് – 78750 രൂപ (ബിൽ നം 02/11.4.2020), ഗുണഭോക്തൃ വിഹിതം -- 32,250 രൂപ) ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തേയ്ക്കുള്ള ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം വേപ്പിൻ പിണ്ണാക്ക് കിലോഗ്രാമിന് പരമാവധി ചെലവഴിക്കാവുന്നത് 35 രൂപയാണ്. ജില്ലാതല യൂണിറ്റ് കോസ്റ്റിനേക്കാൾ ഉയർന്ന നിരക്കിൽ വേപ്പിൻ പിണ്ണാക്കിന് തുക ചെലവഴിച്ചതുവഴി 6000 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (25/23.9.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച 6000

രൂപയുടെ 75% ആയ 4500 രൂപ വികസന ഫണ്ടിൽ നിന്നുള്ള അധികച്ചെലവാണ്. ടി തുക ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2020-21 | 180000 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 180000 | |
| | | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്ധ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | |
| | | 1000000 | പാലിന് സബ്സിഡി | 1000000 | |
| | | 500000 | ലൈഫ് വീട് നിർമ്മാണം | 500000 | |
| | | 400000 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ ജനറൽ | 400000 | |
| | | 122000 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ എസ്.ടി | 122000 | |
| | | 600000 | ലൈഫ് വീട് നിർമ്മാണം എസ്.സി | 600000 | |
| ആകെ | | 3102000 | | 3102000 | |
| ജില്ല | 2020-21 | 113900 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 113900 | |
| | | 100000 | ആശ്രയ പദ്ധതി | 100000 | |
| | | 100000 | അംഗനവാടി പോഷകാഹാരം | 100000 | |
| | | 251544 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്ധ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 251544 | |
| | | 200000 | പാലിന് സബ്സിഡി | 200000 | |
| | | 590000 | തെരുവ് വിളക്ക് ലൈൻവ്യാപനം | 590000 | |
| | | 540000 | വൈദ്യുതി ലൈൻവ്യാപനം | 540000 | |
| | | 290000 | ലൈഫ് വീട് നിർമ്മാണം | 290000 | |
| | | 800000 | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ ജനറൽ | 800000 | |
| ആകെ | | 2985444 | | 2985444 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അംഗനവാടി വാട്ടർ | 22000182, 2200183തീയതി | 12400 | 0 | 12400 |

| | | | | | |
|---|---|---|---|---|---|
| | കണക്ഷൻ | 02/06/20 | | | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രൊജക്റ്റ് 144 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22001125 തീയതി 07/05/2020 22001126 തീയതി 11/05/2020 | 619144 | 0 | 619144 |
| | പ്രൊജക്റ്റ് 30 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22001182തീയതി 26/02/2021 22001183തീയതി 26/02/2021 22001191 തീയതി 15/03/2021 | 1174005 | 0 | 1174005 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 480000/-രൂപ വരവുണ്ട്. .

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | | 480000 | 46826451 | 3628077 | 0 | 43678374 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 24507/- രൂപയുടെ വിശദാംശങ്ങൾ താഴെ കടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | ഖണ്ഡിക നം 3(3) | 24089 | അംബികേശൻ | 120010100939 27-Aug-2020 |
| 2012-13 | ഖണ്ഡിക നം 2-4 | 228 | അനീഷ് | 120010101001 16-Sep-2020 |
| | | 190 | വിപിനചന്ദ്രൻ , സെക്രട്ടറി | 120010101705 16-Nov-2020 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78995246 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79934176 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,950 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3030794 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,950 | | ശ്രീ.ബിനുഗോപാൽ, സെക്രട്ടറി -3200/-<br>ശ്രീമതി. ലസിത .കെ.എസ്- 250/-<br>ശ്രീ.പി.വി.വിനോദ്, സെക്രട്ടറി -2500/- |
| 3-5 | | 4,500 | ശ്രീമതി.സമീറ പോത്തുകാട്ടിൽ ,കൃഷി ഓഫീസർ |
| ആകെ | 5,950 | 4500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 62,950 | ശ്രീമതി.വിമല.പി.എച്ച്.എം. ആസാദ് മെമ്മോറിയൽ ജിഎൽപിഎസ്സ് |
| 1-17 | 4,94,280 | ശ്രീമതി.വിമല.പി.എച്ച്.എം. ആസാദ് മെമ്മോറിയൽ ജിഎൽപിഎസ്സ് |
| 1-28 | 1,88,077 | ഡോ.ശ്രീദേവി.എസ്,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, |
| 1-29 | 1,37,300 | ശ്രീ.സിബി സോമൻ,<br>ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ |
| 1-31 | 2,79,168 | ഡോ.ജീന.എൻ.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-33 | 1,764 | ഡോ.ജെ.ജ്യോതി, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-36 | 74,250 | ശ്രീമതി.സമീറ പോത്തുകാട്ടിൽ, കൃഷി ഓഫീസർ |
| 1-37 | 17,93,005 | ശ്രീ.പി.വി.വിനോദ്, സെക്രട്ടറി |
| ആകെ | 30,30,794 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം 3-1 രൂപ 72369/-
ഖണ്ഡിക നം 3-2 രൂപ 5130/-
ഖണ്ഡിക നം 3-3 രൂപ 2826/-
ഖണ്ഡിക നം 3-3 രൂപ 2260/-
ഖണ്ഡിക നം 3-4 രൂപ 7100/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വി.വിനോദ്, സെക്രട്ടറി | സെക്രട്ടറി, മുഹമ്മ ഗ്രാമപഞ്ചായത്ത് | പട്ടത്താനം, അവലൂക്കന്ന്.പി.ഒ,ആലപ്പുഴ |
| ബിനുഗോപാൽ.സെക്രട്ടറി | സെക്രട്ടറി, ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | പാർവ്വതി സദനം, മിത്രക്കരി പി.ഒ,ആലപ്പുഴ |
| സമീറ പോത്തുകാട്ടിൽ , കൃഷി ഓഫീസർ | കൃഷി ഓഫീസർ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | ചെറുകരകാവിൽ ഹൌസ്, വാരണം.പി.ഒ, പുത്തനങ്ങാടി |
| വിമല.പി., എച്ച്.എം., ആസാദ് മെമ്മോറിയൽ ജിഎൽപിഎസ്സ് | എച്ച്.എം ആസാദ് മെമ്മോറിയൽ LPS, മുഹമ്മ ഗ്രാമപഞ്ചായത്ത് | പട്ടുവയിൽ, മായിത്തറ .പി.ഒ, ചാരമംഗലം |
| ഡോ.ശ്രീദേവി.എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മുഹമ്മ ഗ്രാമപഞ്ചായത്ത് | വിശ്വമംഗലം ഹൌസ്, കരുമാടി.പി.ഒ, ആലപ്പുഴ |
| ശ്രീ.**സിബി സോമൻ,** ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ,ആലപ്പുഴ മത്സ്യ ഭവൻ | സിബി വില്ല, ആലുംകടവ്.പി.ഒ, കരുനാഗപ്പള്ളി, കൊല്ലം |
| ഡോ.ജെ.ജ്യോതി, മെഡിക്കൽ ഓഫീസർ, ആയുർവേദം | എം.ഒ ആയുർവ്വേദം,മുഹമ്മ ഗ്രാമപഞ്ചായത്ത് | കൃഷ്ണ വിലാസം, കണ്ണങ്കര പി.ഒ |
| ഡോ.ജീന.എൻ.കെ, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ, മുഹമ്മ ഗ്രാമപഞ്ചായത്ത് | നടുവിലകത്ത് ഹൌസ്, എടവനക്കാട്.പി.ഒ, എറണാകുളം |
| ലസിത.കെ.എസ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി, മുഹമ്മ ഗ്രാമപഞ്ചായത്ത് | ലാസ്യം, മുഹമ്മ പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ജി.എ-5-1832/11/17.1.2002 | 1 |
| 1997-98 | എൽ.എഫ്.ജി.എ-5-1832/11/21.1.2002 | 6 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/19.1.2002 | 6 |
| 1999-2000 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 | 7 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/24.1.2002 | 10 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/25.1.2002 | 13 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 | 9 |
| 2003-04 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 | 8 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.ജി.എ-5-1832/11/23.1.2002 | 10 |
| 2005-06 | എൽ.എഫ്.ജി.എ-5-1832/11/31.1.2002 | 19 |
| 2006-07 | എൽ.എഫ്.എ.ജി-5/1577/ 14/16.01.14 | 19 |
| 2007-08 | എൽ.എഫ്.എ.ജി-5/1577/ 14/06.02.14 | 14 |
| 2008-09 - 2010-11 | എൽ.എഫ്.എ.ജി-5/1577/ 13/16.06.14 | 9 |
| 2011-12 | എൽ.എഫ്.എ.പി1/496/2014 /10.03.16 | 16 |
| 2012-13 2013-14 | എൽ.എഫ്.എ.പി 1/130/15/10.03.16 | 14 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി1-764/16/18.05.17/7.6.17 | 5 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി14-1524/2016/1.11.17/14.11.17 | 19 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി14-858/17/9.4.18/18.4.18 | 19 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി5-60/2019/27.1.2020 | 16 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി5-1187/2019/27.5.2020 | |
| 2019-2020 | കെ.എസ്.എ-എ.എൽ.പി/പി5 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്